# Holy Voice

## Parish Bulletin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം


പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി

**മാർ പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ

**റവ.ഫാ.ജോസ് മാളിയേക്കൽ**

ഫോൺ : 0480 2826192, 9446628250

പുസ്തകം 13 ജൂലൈ 2014



**എഡിററർ**

ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**

ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**

ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**

ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**

അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**

റവ.സി.ഡെൽസാ മരിയ FCC 2822935

ജോഷി മഞ്ഞളി 9895467530

ആന്റണി കളളാപറമ്പിൽ 9447240089

അനന്ത് അറയ്ക്കൽ 9846567891

ബീന തോമസ് ചേറേങ്ങാടൻ 9048244810

ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**

ജോസ് ചെങ്ങാലൂക്കാരൻ 9747725558


ജോസഫ് കാച്ചപ്പിള്ളി 9400878280

സൈമൺ ചാക്കോര്യ 8547424191


**പേജുകളിലൂടെ...**


| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദം | 5 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 9 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 13 |
| തിരുനാൾ കമ്മറ്റി | 15 |
| ഞാനൊന്നുറങ്ങട്ടെ | 16 |
| എന്തുനല്ലമ്മ...എന്നുടെ അമ്മ | 21 |
| ജാലകത്തിലൂടെ | 23 |
| സഭാവാർത്തകൾ | 24 |
| ബാലപംക്തി | 25 |
| രസമുള്ള സ്ഥലനാമങ്ങൾ | 26 |
| സ്നേഹഗീതം | 27 |
| കുടുംബസമ്മേളനങ്ങൾ | 28 |
| പിന്നിട്ടലോകം | 29 |
| ആരോഗ്യചിന്തകൾ | 30 |
| മെഗാക്വിസ് മത്സരം | 31 |
| ക്വിസ്മത്സരം | 32 |
| കളറിംഗ് മത്സരം | 33 |
| നിങ്ങൾക്കറിയാമോ? | 35 |
| ബൈബിൾ കലണ്ടർ | 36 |

# ഹോളി വോയ്സ്



## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

### പാരിഷ് ബുള്ളറ്റിൻ

ജൂലായ് 2014

| തിയ്യതി | ഇടവക ഡയറി - ജൂലൈ 2014 | സമയം |
|---|---|---|
| 03 | മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ | |
| 04 | നവവാരാചരണത്തിന്റെ തുടക്കം<br>മാസാദ്യ വെള്ളിയാഴ്ച ആചരണം | |
| 06 | ശ്ലീഹാക്കാലം 5-ാം ഞായർ<br>ഫ്രാൻസിസ്കൻ അൽമായ സമൂഹം മീറ്റിംഗ് | 8.00 a.m. |
| 11 | നവവാരാചരണം 2-ാം വെള്ളി | |
| 12 | അൾത്താരസംഘം മീറ്റിംഗ്<br>മാതൃസംഘം മീറ്റിംഗ് | 8.00 a.m.<br>3.00 p.m. |
| 13 | ശ്ലീഹാക്കാലം 6-ാം ഞായർ<br>പ്രതിനിധിയോഗം | 8.00 a.m. |
| 16 | കർമ്മലമാതാവിന്റെ തിരുനാൾ | |
| 18 | നവവാരാചരണം 3-ാം വെള്ളി | |
| 20 | ശ്ലീഹാക്കാലം 7-ാം ഞായർ<br>കുടുംബകൂട്ടായ്മ ജനറൽബോഡിയോഗം | 8.00 a.m. |
| 25 | നവവാരാചരണം 4-ാം വെള്ളി<br>വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ | |
| 27 | കൈത്താക്കാലം 1-ാം ഞായർ<br>തിരുനാൾ കമ്മിറ്റി ജനറൽ ബോഡി<br>ഹോളിവോയ്സ് ക്വിസ് | 8.00 a.m.<br>3.00 p.m. |
| 28 | വി. അൽഫോൻസാമ്മയുടെ തിരുനാൾ | |
| 31 | വി.ഇഗ്നേഷ്യസിന്റെ തിരുനാൾ | |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | |
|---|---|
| 04-07-2014 | വർഗീസ് ചാക്കോ തെയ്യാലക്കൽ, വെണ്ടോർ |
| 11-07-2014 | സരിക മിൽട്ടൻ കുറ്റിക്കാടൻ, ഇരിങ്ങാലക്കുട |
| 18-07-2014 | ജിത്തു വിൻസന്റ് കള്ളിക്കാടൻ, മാപ്രാണം |
| 25-07-2014 | റോബർട്ട് ജേക്കബ് ചീരമ്പൻ, ചെമ്മണ്ട |

# എഡിറ്റോറിയൽ



"എന്റെ കർത്താവേ, എന്റെ ദൈവമേ"! കറയില്ലാത്ത വിശ്വാസ പൂർണ്ണത വി. തോമാശ്ലീഹായുടെ ഈ വാക്കുകളിൽ നമുക്ക് ദർശിക്കുവാൻ കഴിയും. ഉള്ളിന്റെ ഉള്ളിൽനിന്നും ബഹിർഗമിച്ച ഈ വാക്കുകളിൽ തോമാ ശ്ലീഹായുടെ വിശ്വാസതീഷ്ണത നിറഞ്ഞു നിൽക്കുന്നു. "നിങ്ങൾ ലോക മെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ" എന്ന തന്റെ നാഥന്റെ കൽപ്പന ജീവിതദൗത്യമായി ഏറ്റെടുത്തുകൊണ്ട്, അന്യവും വിദൂരവുമായ ഈ നാട്ടിൽ വന്ന് ലോകരക്ഷകന്റെ സുവിശേഷം പ്രസംഗിച്ച് ഈ മണ്ണിൽ വിശ്വാസത്തിന്റെ വിത്ത് മുളപ്പിച്ച്, ഈ ദൗത്യത്തിനിടെ തമിഴ്നാട്ടിലെ ചിന്ന മലയിൽ വച്ച് രക്തസാക്ഷിത്വം വരിച്ച തോമാശ്ലീഹായുടെ ഉള്ളം വിശ്വാസ ശക്തിയാൽ സമ്പൂർണ്ണമായിരുന്നു. ആ വിശ്വാസപൂർണ്ണതയോളം എത്താൻ നമുക്ക് സാധിച്ചില്ലെങ്കിലും ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസ പൂർത്തീകരണത്തിനായുള്ള സഭാ ദൗത്യത്തിൽ നാമും നമ്മുടെ പങ്കുവഹി ക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നമുക്കും നമ്മുടെ രൂപതയ്ക്കും കൂടുതൽ കടമയുണ്ട്. കാരണം വി. തോമാശ്ലീഹായുടെ പുണ്യപാദങ്ങൾ പതിഞ്ഞ മണ്ണിലാണ് നാം ജീവിക്കുന്നത്. ആ മൺതരികളിൽ നിന്നാണ് ഇന്നു കാണുന്ന വിശ്വാസ സമൂഹം പടുത്തുയർത്തപ്പെട്ടത്. കാലം മാറ്റം വരുത്തുന്ന ചട്ടക്കൂടുകളിലേക്ക് മാത്രമായി ഒതുങ്ങേണ്ടവരല്ല നമ്മൾ. പകരം വർദ്ധിച്ച ആവേശത്തോടെ, ഉത്സാഹത്തോടെ ശ്ലീഹാ തിരികൊളുത്തിയ ഭാരത സുവി ശേഷ കർമ്മം വരും തലമുറയിലേക്ക് പകരേണ്ടതും അവരെ അതിന് സജ്ജ രാക്കേണ്ടതുമുണ്ട്. മതബോധനമടക്കമുള്ള നമ്മുടെ വിശ്വാസപ്രവർത്തന ങ്ങൾ ഇക്കാര്യത്തിൽ വലിയൊരു പങ്കുവഹിക്കുന്നുണ്ടെങ്കിലും ഇനിയും നമു ക്കേറെ പ്രവർത്തിക്കേണ്ടതുണ്ടെന്ന് ചുറ്റുപാടുകളിലേക്ക് കണ്ണോടിച്ചാൽ നമുക്കു ബോധ്യമാകും. "വിളവധികം, വേലക്കാരോ ചുരുക്കം" എന്ന് നമ്മുടെ നാഥൻ പറഞ്ഞില്ലേ! പ്രേഷിത ദൗത്യത്തിനിടയിൽ ഉത്തർപ്രദേശിൽ വച്ച് രക്തസാക്ഷിത്വം വരിച്ച സി. റാണി മരിയയെപോലെയുള്ളവർ നമുക്കെന്നും പ്രചോദനമരുളട്ടെ. കഴിഞ്ഞ നാലു മാസക്കാലം നമ്മുടെ കൊച്ചച്ചനായി രുന്ന നമുക്കേറെ പ്രിയപ്പെട്ട ഫാ. ജിന്റോ ചിറയത്ത് പ്രേഷിത ദൗത്യത്തി നായി ഇപ്പോൾ കെനിയൻ മണ്ണിലാണ്. അച്ചനേയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ വിശുദ്ധ ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന നൂറുകണക്കിന് മിഷണറിമാരേയും നമുക്കോർക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം, അവരെ മാതൃകയാക്കാം.

എല്ലാവർക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട്

സ്നേഹപൂർവ്വം, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ഭാരത കത്തോലിക്കാ സഭയ്ക്ക് അടിത്തറ പാകിയ ക്രിസ്തു ശിഷ്യനായ മാർ തോമാശ്ലീഹായുടെയും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെയും തിരുനാളുകൾ അനു സ്മരിക്കപ്പെടുന്ന പുണ്യമാസമാണല്ലോ ജൂലൈ. ആദ്യമേ എല്ലാ വർക്കും മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെയും വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന്റെയും ആശംസകൾ.

നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ഒരുവനായ മാർതോമാശ്ലീഹ എ.ഡി. 52 ലാണ് നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൽ എത്തിയത്. ഭാരതസഭയുടെ പിള്ളത്തൊട്ടിലായി മാറിയ കൊടുങ്ങല്ലൂർ നമ്മുടെ ഇരിങ്ങാലക്കുട രൂപതയുടെ ഭാഗമാണെന്ന് ഓർക്കുമ്പോൾതന്നെ നമ്മൾ അഭിമാന പുളകിതരാകണം. കാരണം യേശുവിനെ തൊട്ടറിഞ്ഞ് സ്നേഹിച്ച തോമാശ്ലീഹായുടെ കാലടികളാൽ ആദ്യമായി ധന്യമായ മണ്ണും വചനം ശ്രവിച്ച് ആദ്യമായി ക്രൈസ്തവവിശ്വാസം നെഞ്ചിലേറ്റു കയും ചെയ്ത പൂർവ്വികരാൽ അനുഗ്രഹീതമായ സ്ഥലവും ഉൾപ്പെ ടുന്നത് നമ്മുടെ രൂപതയിലാണ്.

കൊടുങ്ങല്ലൂർ നിന്നും ആരംഭിച്ച പ്രേഷിത പ്രവർത്തനങ്ങ ളിലൂടെ തോമാശ്ലീഹാ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ ഏഴര പള്ളികൾ (കൊടുങ്ങല്ലൂർ, പറവൂർ, പാലയൂർ, കോക്കമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ, തിരുവിതാംകോട്-അരപ്പള്ളി) അഥവാ സഭാ സമൂഹങ്ങൾക്ക് രൂപം കൊടുത്തു. തുടർന്ന് തമി ഴ്നാട്ടിലേക്ക്പോയി. അവിടെയുള്ള പ്രവർത്തനങ്ങൾക്കിടയിൽ A.D. 72 ജൂലൈ 3ന് ചിന്നമലയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അക്രമികളുടെ കുത്തേൽക്കുകയും പെരിയമലവരെ (സെന്റ്

തോമസ് മൗണ്ട്) കയറി താൻ കൊത്തിയുണ്ടാക്കിയ കൽക്കുരിശിനെ കെട്ടിപുണർന്ന് മരിച്ചതും, കടൽത്തീരത്തുള്ള മൈലാപ്പൂരിൽ അടക്കം ചെയ്യപ്പെട്ടതും ചരിത്രസത്യങ്ങളാണ്. തോമാശ്ലീഹായുടെ മരണദിവസത്തിന്റെ ഓർമ്മയാണ് ജൂലൈ 03ലെ ദുക്റാന തിരുനാൾ.

തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ നമ്മൾ ആഘോഷിക്കുമ്പോൾ "അവനോടൊപ്പം മരിക്കുവാൻ നമുക്കും പോകാം" (യോഹ 11:16) എന്ന് പറഞ്ഞ് സഹശിഷ്യരെ വിശ്വാസത്തിൽ ആഴപ്പെടുത്തിയതുപോലെയും, "വഴിയും സത്യവും ജീവനും" (യോഹ 14:6) മിശിഹായാണ് എന്നു തിരിച്ചറിഞ്ഞ് ജീവിക്കുവാൻ പഠിപ്പിക്കുകയും, "എന്റെ കർത്താവെ എന്റെ ദൈവമെ" (യോഹ 20:28) എന്ന് ഉദ്ഘോഷിച്ച് യേശുക്രിസ്തു കർത്താവും ദൈവവും ആണെന്ന് ആദ്യമായി ഏറ്റുപറഞ്ഞ് വിശ്വാസത്തിന്റെ ഉജ്ജ്വല മാതൃക നൽകുകയും ചെയ്ത മാർ തോമാശ്ലീഹായുടെ ധീരമായ വിശ്വാസ ജീവിതമാതൃക സ്വീകരിക്കുവാൻ നമുക്ക് തയ്യാറാകാം. സ്നേഹത്തിന്റെ സാക്ഷികളായി എവിടേയും ഏതു സാഹചര്യത്തിലും വിശ്വാസം ഏറ്റുപറയുന്ന മക്കളായി നമുക്കു ജീവിക്കാം. പ്രതികൂല സാഹചര്യങ്ങളിലും വേദനയുടെ നിമിഷങ്ങളിലും ക്രിസ്തു നമ്മുടെ ദൈവവും നാഥനും രക്ഷകനുമാണെന്ന് ഏറ്റുപറയാം. ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും; അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും (യോഹ 12:24) എന്ന് തിരിച്ചറിഞ്ഞ് സന്യാസജീവിതത്തിന്റെ അത്യുന്നതിയിൽ തിളങ്ങിനിന്ന വിശുദ്ധ അൽഫോൻസാമ്മയെപ്പോലെ നമ്മുടെ അനുദിന ജീവിതത്തിലെ ക്ലേശങ്ങളിൽ തളരാതെ വിശ്വാസനിറവിൽ ആത്മാർത്ഥതയോടെ, സന്തോഷത്തോടെ ദൈവമഹത്വം സ്വീകരിക്കുവാൻ നമുക്കിടയാകട്ടെ.

നമ്മുടെ ഇടവകയുടെ ഏറ്റവും വലിയ ആഘോഷവും തിരുനാളുമായ വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ-കുരിശുമുത്തപ്പന്റെ തിരുനാൾ ആണ്ടുതോറും നടത്തപ്പെടുന്ന സെപ്തംബർ 14നു തന്നെ നമ്മൾ ആഘോഷിക്കുകയാണല്ലോ. തിരുനാളിനൊരുക്ക

മായി ഈ വർഷം മുതൽ നവനാളാചരണത്തിനു പുറമെ നവവാരാചരണവും നടത്തുകയാണ്. ഇടവക സമൂഹത്തിനും തീർത്ഥാടകരായി എത്തുന്ന ഏവർക്കും വിശുദ്ധ കുർബ്ബാനയിലും നൊവേനയിലും പങ്കെടുത്ത് വിശുദ്ധ കുരിശിന്റെ ശക്തി വിശേഷം ഉൾക്കൊള്ളുവാനും കുരിശുമുത്തപ്പന്റെ അനുഗ്രഹം സ്വീകരിക്കുവാനും ഇടവരണം. ജൂലൈ 4, 11, 18, 25, ആഗസ്റ്റ് 1, 8, 15, 22, 29 എന്നീ തിയ്യതികളിലാണ് നവവാരാഘോഷത്തിന്റെ തിരുകർമ്മങ്ങൾ. നവവാരാചരണ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തും തുടർന്നുള്ള നവനാൾ ആചരണത്തിലും തിരുനാളിലും പങ്കുചേർന്നും ദൈവസ്നേഹ സമൃദ്ധിയിൽ വളരുവാൻ നമുക്ക് ഒരുങ്ങാം. അങ്ങനെ നമ്മൾ ഓരോരുത്തരും നമ്മുടെ കുടുംബങ്ങളും നമ്മുടെ ഇടവകയും അനുഗ്രഹീതമാകട്ടെ.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,<br>
യേശുവിൽ സ്നേഹപൂർവ്വം,<br>
**ഫാ. ജോസ് മാളിയേക്കൽ,**<br>
വികാരി & റെക്ടർ

## സ്തുത്യർഹമായ സേവനത്തിന് അംഗീകാരം!



ജോസ് ചെങ്ങാലൂക്കാരൻ



ജോസഫ് കാച്ചപ്പിള്ളി



സൈമൺ ചാക്കോര്യ

2014 – 2015 വർഷത്തെ പുതിയ കൈക്കാരന്മാരായി നിലവിലെ കൈക്കാരന്മാരെ തന്നെ, കഴിഞ്ഞ മെയ് 25 – ാം തിയ്യതി ചേർന്ന പ്രത്യേക പ്രതിനിധി യോഗം ഏകകണ്ഠേന തിരഞ്ഞെടുത്തു. തുടർന്നും തങ്ങളുടെ ചുമതലകൾ ഭംഗിയായി നിർവഹിക്കുവാൻ കുരിശുമുത്തപ്പൻ അവരെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി. എം. ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം".
(മത്താ. 4:19)

## ബാറാ ഗോത്രക്കാരുടെ വിശേഷങ്ങളിൽ നിന്ന്

അപാൻഡ്രബെ (Ampandrabe) ഗ്രാമത്തിൽ ബാറാ ഗോത്രക്കാരുടെയിടയിൽ വിശ്വാസം എത്തിക്കുവാൻ ഞങ്ങൾ ആ ഗ്രാമത്തിലെത്തി. എന്നാൽ അവർക്കൊരു പരാതിയുണ്ടായിരുന്നു. എനിക്കു മുമ്പുണ്ടായിരുന്ന വികാരിയച്ചൻ പള്ളിപ്പറമ്പിൽ കോലാടുകളെ വളർത്തുന്നത് അവർ അങ്കിലിസാത്തു അങ്ങാടിയിൽ വരുമ്പോൾ കണ്ടിട്ടുണ്ട്. വിലക്കപ്പെട്ട മൃഗമാണ് ബാറാകൾക്ക് കോലാട്. ഒരാട് അവരുടെ നെല്ലിൽ കയറിയാൽ പിന്നെ ആ നെല്ല് അവർ കളയുകയേ ഉള്ളൂ. അത്രയ്ക്കും ശത്രുവായ കോലാടുകളാണ് പള്ളിപറമ്പിൽ ഓടിക്കളിക്കുന്നത്. എങ്ങിനെ അവർ പള്ളിയോടടുക്കും? ദൈവാനുഗ്രഹത്താൽ സ്ഥലം മാറിപ്പോയ വികാരിയച്ചൻതന്നെ ആടുകളെയെല്ലാം വിറ്റു സ്ഥലം വൃത്തിയാക്കി. ഇനി ആടുണ്ടാകില്ല എന്നറിഞ്ഞപ്പോൾ അവർക്ക് സമാധാനമായി, സന്തോഷമായി. അവർ ദാനം ചെയ്ത സ്ഥലത്ത് ഇന്നവിടെ അവർക്ക് വേണ്ടി ചെറിയൊരു ദേവാലയവും കാറ്റക്കിസ്റ്റായി ജോലി ചെയ്യുവാൻ ഒരു ബാറാ ചെറുപ്പക്കാരനുമുണ്ട്. പലർക്കും പലതാണ് ദേവാലയത്തിലേക്കടുക്കാൻ തടസ്സമായി നിൽക്കുന്നത്. ചിലർക്കത് പിശാചാണെങ്കിൽ ബാറാക്കാർക്ക് ആടൊരു പിശാച് തന്നെയാണ്.

### ഒരു കൊച്ചു പൗലോസ്ശ്ലീഹ

അങ്കിലിസാത്തുവിലെ ദേവാലയത്തിൽ വച്ച് നടക്കുവാൻ പോകുന്ന ആദ്യത്തെ തിരുപ്പട്ടാഘോഷത്തിനുവേണ്ടി സ്റ്റേജുണ്ടാക്കുവാൻ ഞങ്ങളുടെ പിക്കപ്പ് കാറിൽ മുന്നൂറു പ്രാവശ്യമാണ് മണ്ണ് കൊണ്ടുവന്നത്. കുഴിയായി കിടന്ന സ്ഥലം കുന്നാക്കി മാറ്റുന്നതിനിടയിൽ ഒരു ബാറാ ചെറുപ്പക്കാരൻ വന്ന് അച്ചനെ കാണണമെന്നാവശ്യപ്പെട്ടു. അവന് ക്രിസ്ത്യാനിയാകണമത്രേ. കപ്യാരോട് അവനുമായി സംസാരിക്കാൻ പറഞ്ഞുവിട്ടു. വേറൊരു ദിവസം അവൻ വീണ്ടും വന്നു. "എനിക്ക് നിങ്ങളുടെ ഒരു ബൈബിൾ വേണം. അതു പയോഗിക്കാൻ എനിക്കറിയില്ല. എങ്കിലും ഒരെണ്ണം എനിക്കു വേണം. അതിന്റെ വില ഞാൻ നൽകാം". എന്നു പറഞ്ഞു. പിന്നീട് അവൻ വഴിയാണ് അവന്റെ ഗ്രാമത്തിൽ ഒരു ക്രൈസ്തവ കൂട്ടായ്മ ഉണ്ടാക്കുവാൻ ദൈവം അനുഗ്രഹിച്ചത്. ഒപ്പം കുട്ടികൾക്കായി ഒരു സ്കൂളും. ഒരിക്കൽ അവൻ പറഞ്ഞു. "ഞാൻ ഒരു കൊള്ളക്കാരൻ ആകേണ്ടവനായിരുന്നു. അതിനായി

പോയതുമായിരുന്നു. ആദ്യത്തെ ദൗത്യം പരാജയപ്പെട്ടു. അതിനുശേഷം കൂട്ടു കൊള്ളക്കാരോട് ബൈ ബൈ പറഞ്ഞു". ആ പണി നിർത്തി ഇപ്പോൾ ഈശോയ്ക്കുവേണ്ടി "കക്കാൻ" നടക്കുകയാണ്. നോക്കണേ ഒരുകൊച്ചു പൗലോസ് ശ്ലീഹായുടെ മാനസാന്തരം.

**ഭവനം പണിയുമ്പോൾ ദൈവം കൂടെയുണ്ടായാൽ!**

അന്തിമക്ക (Andimaka), അങ്കിലിസാത്തുവിൽ നിന്നും 40 കി.മീ. അകലെ "സക്കമാലി"(Sakamaly) നദിയുടെ ഇരുവശത്തുമായി കിടക്കുന്ന അഞ്ചു ഗ്രാമങ്ങളുടെ സമുച്ചയമാണ്, പൊതുവായ നാമമാണ്. "Ankilizato" വിലെ ഒരു ചന്ത ദിവസം ഏതാനും കാരണവന്മാർ അച്ചനെ തേടിയെത്തി. കപ്യാരും കൂടെയുണ്ട്, വിശദീകരണത്തിനായി. അച്ചൻ അവരുടെ ഗ്രാമത്തിലേയ്ക്കു ചെല്ലണം, അവർക്കുവേണ്ടി പ്രാർത്ഥിക്കണം. പ്രധാനമായും അവർ മുമ്പു ചെയ്തുവച്ച "കൂടോത്രങ്ങൾ" എടുത്തുമാറ്റി ഗ്രാമം ശുദ്ധീകരിക്കണം. ഇതായിരുന്നു അവരുടെ ആവശ്യം. ഇല്ല എന്നു പറയാൻ തോന്നിയില്ല. പറഞ്ഞുറപ്പിച്ച ദിവസം രാവിലെ ഒരു സംഘമായി യാത്ര പുറപ്പെട്ടു. 30 കി.മീ. വണ്ടിയിൽ, പിന്നെ 10 കി.മീ. നടത്തം. എന്തായാലും ഉച്ചക്കു മുമ്പ് സ്ഥലത്തെത്തി. അഞ്ചു ഗ്രാമത്തിലെ എല്ലാ കണ്ണുകളും ഞങ്ങളെ നോക്കിയിരിക്കുന്നു. അവരുടെ ആവശ്യപ്രകാരം പ്രാർത്ഥനകൾ നടത്തി കൂടോത്രത്തിനായി കുഴിച്ചിട്ടിരുന്ന കല്ലുകൾ പല സ്ഥലത്തുനിന്നും കൂടെ വന്നവർ പുറത്തെടുത്തു. എല്ലായിടത്തും വെഞ്ചിരിച്ചു ശുദ്ധീകരിച്ചു. അവിടെ ഉണ്ടായ അകാലമരണങ്ങൾക്ക് മോചനമായി എന്നവർ വിശ്വസിച്ചു. പള്ളിക്കും സ്കൂളിനും അന്നുതന്നെ അവർ സ്ഥലം ദാനം ചെയ്തു. അച്ചനും കിട്ടി ഒരു സമ്മാനം, ഒരു ചെമ്മരിയാട്! സുവിശേഷവൽക്കരണം തമ്പുരാൻ എത്ര എളുപ്പമാക്കുന്നുവെന്ന് കണ്ടല്ല, കൊണ്ടറിയാം ഇവിടെ വന്നാൽ!

ബാറാ (Bara) ഗോത്രത്തിലെ വിവാഹപ്രായമെത്തിയ ചെറുപ്പക്കാർ തങ്ങളുടെ കഴിവു തെളിയിക്കേണ്ടത് മറ്റുള്ളവരുടെ കാളകളെ മോഷ്ടിച്ചുകൊണ്ടാണ്. കാള കൊള്ളക്കാരിൽ അധികവും ബാറാ ഗോത്രത്തിൽപ്പെട്ടവരാണ്. അതവരുടെ പൗരുഷ്യത്തെ തെളിയിക്കുന്ന ഒരു പാരമ്പര്യം കൂടിയാണ്.

കാള കൊള്ളക്കാരിൽ നിന്നും കാളകളെ രക്ഷിക്കുവാൻ രാജ്യത്ത് പ്രത്യേകമായൊരു നിയമം തന്നെയുണ്ട്. രാജ്യത്ത് പിറക്കുന്ന എല്ലാ കാളയ്ക്കും പശുവിനും പാസ്പോർട്ട് എടുത്തിരിക്കണം. പാസ്പോർട്ട് ഇല്ലാതെ കാളയെ കൈവശം വയ്ക്കുന്നവൻ കള്ളനായിരിക്കും. ഇവിടെ പല മനുഷ്യർക്കും ഇല്ലാത്ത തിരിച്ചറിയൽ കാർഡ് എല്ലാ കന്നുകാലികൾക്കുമുണ്ട്. എന്നുവച്ച് കളവിനു യാതൊരു കുറവുമില്ല. ഡ്യൂപ്ലിക്കേറ്റുകൾ, കള്ള പാസ്പോർട്ടുകളുണ്ടാക്കി കാളയെ കക്കുന്നവർ ഇവിടെയുമുണ്ട്. സാധാരണ രീതിയിൽ കാളയെ വിൽക്കുന്നവനും വാങ്ങുന്നവനും കരം അടക്കണം. പോലീസിന്റെ മുദ്രയും പുസ്തകത്തിൽ പതിപ്പിക്കണം. ഇതിനു പുറത്ത്

ഒരു കച്ചവടവും പാടില്ല എന്നാണ് വെപ്പ്. കള്ളന്മാർക്കിതു ബാധകമല്ലല്ലോ?

ഇനി കളവു നടന്നാൽ ചെയ്യേണ്ട രീതികളുണ്ട്. ഒരുവന്റെ കാളകൾ കളവു പോയാൽ ഗ്രാമത്തിൽ പൊതു മണിയടിച്ച് യോഗം കൂടും. പോലീസിനെ കൂട്ടി അന്വേഷണസംഘം കാളകൾ പോയ വഴി, കുളമ്പടയാളം നോക്കി കണ്ടുപിടിക്കും. മഴ പെയ്ത് ചെളിയായാൽ കുളമ്പടയാളം നഷ്ടപ്പെടും. അല്ലാത്തപക്ഷം അവർ അത് കണ്ടെത്തിയിരിക്കും. പോകുന്ന വഴിക്ക് ഏതെങ്കിലും ഗ്രാമത്തിനരികെ വച്ച് കുളമ്പടയാളം കാണാതെ വന്നാൽ അന്വേഷണസംഘം ആ ഗ്രാമത്തിലും മണിയടിപ്പിച്ച് ഗ്രാമക്കാരുമായി യോഗം കൂടും; പ്രസംഗങ്ങൾ നടത്തും. ഇനി പുതിയ ഗ്രാമക്കാരുടെ ചുമതലയാണ് കാളകൾ നഷ്ടപ്പെട്ട വഴി കാണിച്ചുകൊടുക്കേണ്ടത്. സാധിക്കാത്തപക്ഷം ആ ഗ്രാമത്തിലുള്ളവരാകാം കള്ളന്മാർ എന്ന നിഗമനത്തിലെല്ലാവരുമെത്തും. പലപ്പോഴും ഇതു ശരിയുമാണ്. കാണാതെ പോയ കാളയ്ക്കു പകരമായി കാളയേയോ പണമോ അവർ പകരം നൽകി സമാധാനം സുസ്ഥാപിക്കും.

ചില കേസ്സുകളിൽ 30ഉം 50ഉം കിലോമീറ്റർ നടന്ന് കളവുപോയ കാളകളെ പിൻതുടർന്ന് കണ്ടെത്തുന്നവരുണ്ട്. തോക്കുള്ള ചില കള്ളന്മാർ തിരിച്ചെതിർക്കും, ചിലർ ഓടിപ്പോകും. കാളയെ കണ്ടെത്തിയാൽ പിന്നെ വലിയ ആഘോഷമാണ്. പള്ളിയുടെ അടുത്തുള്ള തൻഡ്രൂയി (Tandroy) ഗ്രാമത്തിലെ കളവുപോയ കാളകളെ തിരിച്ചു കിട്ടിയപ്പോൾ സന്തോഷം മൂത്ത് അവർ നൃത്തം ചെയ്തപ്പോൾ ഉടമസ്ഥന്റെ തോക്കുപൊട്ടി, അവന്റെ തന്നെ കാലിന് പരിക്കു പറ്റി. പിന്നെ മരിക്കാതെ രക്ഷപ്പെട്ടതിന്റെ ആഘോഷമായി. ഓരോ അര മണിക്കൂറിലും വെടിപൊട്ടിച്ചാണ് അവരത് ആഘോഷിച്ചത്. ഒരു വെടി വഴിപാടിന്റെ കഥയായി അതുമാറി! (തുടരും)

## കഴിഞ്ഞലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) 1964 (2) ഫാ. ഡോ. ആന്റോ എടക്കളത്തൂർ (3) കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് (4) ഫാ. പോൾ അച്ചാണ്ടി (5) വാൻഗരിമാത (6) ഫാ. ആന്റണി പ്ലാക്കൽ (7) വി.ജാന്ന ബെറേറ്റമൊള്ള (8) സഹനം സാക്ഷ്യമാണ്. പുഞ്ചിരിയോടെ സമീപിച്ചാൽ അത് സന്തോഷമാണ്. മറ്റുള്ളവരുടെ രക്ഷക്ക് അതേറ്റെടുത്താൽ നിറസംതൃപ്തിയാണ്. കുരിശിൽ മരിച്ചവനോട് അത് ചേർത്തുവച്ചാൽ നിത്യസമ്മാനമാണ് (9) കമാന്റർ അഭിലാഷ് ടോമി (10) ഡോ. അലക്സാണ്ടർ ജേക്കബ്ബ് ഐ.പി.എസ്. (11) കർത്താവ് (12) രക്ഷാകരമായ (13) ക്രിസ്തുവിലൂടെ മാത്രമാണ് മൂടുപടം നീക്കപ്പെടുന്നത്. എന്നാൽ ആരെങ്കിലും കർത്താവിലേക്ക് തിരിയുമ്പോൾ ആ മൂടുപടം നീക്കപ്പെടുന്നു.

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**L.P. വിഭാഗം**

**ആൻസൽ ജെയ്സൻ**

പന്തലിപ്പാടൻ വീട്,
ഇൻഫന്റ് ജീസസ് യൂണിറ്റ്,
മതബോധനം II





**U.P. വിഭാഗം**

**ജോവിയൽ ജോയ്സൻ**

കള്ളാപറമ്പിൽ വീട്,
സെന്റ് ജോർജ്ജ് യൂണിറ്റ്
മതബോധനം V

# വിശുദ്ധരുടെ ജീവിതത്തിലൂടെ...



## വി. തോമസ് ശ്ലീഹ (ജൂലൈ 3)

സി. ഡെൽസ മരിയ FCC,
മാപ്രാണം

ജൂലൈ - 3 ദുക്റാന. ദൈവത്തോട് വാശിപിടിച്ചുനിന്ന ഒരു മനുഷ്യനെ ഈ ദിവസം നമ്മെ ഓർപ്പിക്കുന്നു. തന്നെ അനുഗ്രഹിച്ചിട്ടുമാത്രമെ പോകാൻ അനുവദിക്കൂ എന്ന് ദൈവദൂതന്റെ മുന്നിൽ ശാഠ്യം പിടിച്ചു നിൽക്കുന്ന പൂർവ്വപിതാവായ ജോസഫ്. ഇതുപോലെ ധൈര്യത്തിന്റെ ഒരു പര്യായം തന്നെയാണ് വി. തോമസും.

ഇന്ത്യയുടെ അപ്പസ്തോലൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന തോമാശ്ലീഹാ ഗലീലി പ്രദേശത്തുള്ള ഒരു യഹൂദഭവനത്തിൽ ജനിച്ചു. തോമാ, ദിദീമൂസ്, യൂദാസ്, തോമസ് എന്നീ പേരുകളും ഇദ്ദേഹത്തെക്കുറിച്ച് ഉപയോഗിക്കുന്നുണ്ട്. ഗലീലിയായിലെ മീൻപിടുത്തക്കാരിൽ നിന്ന് അപ്പസ്തോല സ്ഥാനത്തേക്ക് വിളിക്കപ്പെട്ട ഒരു ധീരപുരുഷനാണ് തോമസ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ശ്ലീഹായെ സംബന്ധിക്കുന്ന മൂന്ന് സംഗതികൾ വിവരിക്കുന്നുണ്ട്.

ആസന്നമരണനായ തങ്ങളുടെ സഹോദരനെ വന്നു സുഖപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലാസറിന്റെ സഹോദരിമാർ ഈശോയുടെ പക്കലേക്ക് ഒരു ദൂതനെ പറഞ്ഞയച്ചു. സഹോദരിമാരുടെ അപേക്ഷയനുസരിച്ച് ബഥാനിയായിലേക്കു പോകുവാൻ ഈശോ തയ്യാറായപ്പോൾ ശിഷ്യന്മാരിൽ പലരും യാത്രയിൽ സംഭവിച്ചേക്കാവുന്ന അനർത്ഥങ്ങളെക്കുറിച്ച് ഉത്കണ്ഠാകുലരായിരുന്നു. ഗുരുവേ പോകരുത് എന്ന് വിളിച്ചു പറയുവാൻ ആരുടേയും നാവ് പൊന്തിയിരുന്നില്ല. ധീരനായ തോമസിന്റെ മനഃസാക്ഷി ഉണർന്നു. അരുത്. ഗുരുവിനെ തനിച്ചയക്കരുത്. കൂടെപോകുവാൻ കെൽപ്പില്ലെങ്കിൽ പിന്നെയെന്തിന് കൂട്ടാളിയായി. മരിക്കുവാൻ മടിയാണെങ്കിൽ മൃത്യുവരിക്കാൻ മണ്ണിലണഞ്ഞവനെ മാറോടണക്കണമായിരുന്നോ? ഉത്തരങ്ങൾക്ക് കാത്തുനിൽക്കാതെ അയാൾ വിളിച്ചുപറഞ്ഞു. "വരുവിൻ നമുക്കും അവനോടൊപ്പം പോയി മരിക്കാം".

പെസഹാ ഭക്ഷിച്ചതിനുശേഷം അന്ത്യയാത്ര പറഞ്ഞ ഈശോയുടെ മുഖത്തുനോക്കി തോമാ പറഞ്ഞു - കർത്താവേ നീ എവിടേക്കു പോകുന്നെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? തന്റെ മനസ്സിന്റെ അസ്വസ്ഥതകളും പരിദേവനങ്ങളും ഈശോയുടെ മുന്നിൽ തോമാ എപ്പോഴും തുറന്നുവച്ചിരുന്നു. യേശുവാണ് യഥാർത്ഥ വഴിയെന്ന് തോമായിലൂടെ മറ്റു ശിഷ്യന്മാർ മനസിലാക്കുന്നു.

അവിശ്വാസിയായ തോമാ എന്നു വിശേഷിപ്പിക്കുന്ന മറ്റൊരു രംഗം -

ഉത്ഥാനം ചെയ്ത ഈശോയുടെ പ്രത്യക്ഷപ്പെടലിൽ സാന്നിധ്യം നൽകാനാകാതെ അസ്വസ്ഥനാവുകയും ഈശോയുടെ മുറിവുകളിൽ തൊട്ടാൽ മാത്രമേ താൻ വിശ്വസിക്കൂ എന്ന് ശഠിക്കുകയും ചെയ്തു. എട്ടു ദിവസങ്ങൾക്കുശേഷം തോമസിന്റെ സാന്നിധ്യത്തിൽ ഈശോ വീണ്ടും ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുന്നു. അവൻ അറിയാതെ ഏറ്റുപറഞ്ഞു. "എന്റെ കർത്താവെ, എന്റെ ദൈവമെ".

ഈ ധീരവിശ്വാസ ദീപവുമായി AD 52ൽ കൊടുങ്ങല്ലൂരിൽ എത്തിയ തോമാശ്ലീഹ രാജാവിനേയും രാജ്ഞിയേയും രോഗവിമുക്തരാക്കുകയും മാനസാന്തരപ്പെടുത്തി ക്രിസ്ത്യാനികളാക്കുകയും ചെയ്തു. തുടർന്ന് വിവിധയിടങ്ങളിൽ ഏഴര കുരിശു പള്ളികൾ (ക്രൈസ്തവ സമൂഹങ്ങൾ) സ്ഥാപിച്ചു. AD 72 ജൂലൈ 3-ാം തിയ്യതി ചിന്നമലയിൽ വച്ച് കുത്തേറ്റ് മരിക്കുകയും അദ്ദേഹത്തിന്റെ ശരീരം മൈലാപ്പൂർ കടൽതീരത്തു സംസ്കരിക്കുകയും ചെയ്തു. അവിടെനിന്ന് 4-ാം നൂറ്റാണ്ടിൽ ശ്ലീഹായുടെ ഭൗതികശരീരം എദേസായിലേക്കു കൊണ്ടുപോയെന്നും പിന്നീട് ഇറ്റലിയിൽ ഓർട്ടോണാ എന്ന സ്ഥലത്തേക്കു മാറ്റിയെന്നും പാരമ്പര്യമുണ്ട്. 1972ൽ ശ്ലീഹായുടെ 19-ാം ചരമശതാബ്ദി ആഘോഷിച്ചപ്പോൾ ആറാം പൗലോസ് മാർപാപ്പ ശ്ലീഹായെ 'ഭാരത അപ്പസ്തോലൻ' എന്ന് വിളിക്കുകയും ചെയ്തു.

1953 നവംബർ 11-ാം തിയ്യതി പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷനായ കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി കേരളം സന്ദർശിച്ചപ്പോൾ ഓർട്ടോണയിൽനിന്ന് തോമാശ്ലീഹായുടെ കരത്തിലെ - നമ്മുടെ പൂർവ്വപിതാക്കന്മാർക്ക് ജ്ഞാനസ്നാനം നൽകിയ അവിടുത്തെ പാവനകരത്തിലെ - ഒരു അസ്ഥി കൊടുങ്ങല്ലൂരിലെ മനോഹരമായ കപ്പേളയിൽ സൂക്ഷിച്ചു. വിശുദ്ധന്റെ തിരുനാൾ ലത്തീൻ സഭയിൽ ഡിസംബർ 21നും സുറിയാനി സഭയിൽ ജൂലൈ 3നും കൊണ്ടാടുന്നു.

'എന്റെ കർത്താവെ, എന്റെ ദൈവമെ' എന്ന വാക്കുകൾ വിശുദ്ധ കുർബ്ബാനയുടെ മുമ്പിൽ നിൽക്കുമ്പോൾ നമ്മുടെ ഹൃദയത്തിലും അധരങ്ങളിലും സദാ ഉണ്ടായിരിക്കട്ടെ.

---

**കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി**

**ലിജി ബിജു**

മഞ്ഞളി വീട്,
സെന്റ് ജോൺ I



**അഭിനന്ദനങ്ങൾ**

# കുരിശുമുത്തപ്പന്റെ തിരുനാൾ - 2014

## കമ്മറ്റി ഭാരവാഹികൾ



ജോസ് ചെങ്ങാലൂക്കാരൻ
ട്രസ്റ്റി & ജന. കൺവീനർ




ജോസഫ് കാച്ചപ്പിള്ളി
ട്രസ്റ്റി & ജോ. കൺവീനർ



സൈമൺ ചാക്കോര്യ
ട്രസ്റ്റി & ജോ. കൺവീനർ

### പബ്ലിസിറ്റി കമ്മിറ്റി



തോമസ് കോപ്പുള്ളി
കൺവീനർ



ജോർജ് എറാട്ടുകാരൻ
സെക്രട്ടറി



അനൂപ് ബേബി അറയ്ക്കൽ
ട്രഷറർ

### പുഷ്പകുരിശ് കമ്മിറ്റി



ജിഷു കുവ്വാപറമ്പിൽ
പ്രസിഡണ്ട്



ഡേവിസ് കുറ്റിക്കാടൻ
സെക്രട്ടറി



ലോനപ്പൻ തട്ടിൽമണ്ടി
ട്രഷറർ



റവ. സി. ജീൻമേരി FCC
കൺവീനർ
ലിറ്റർജി




വിൽസൻ കരിപ്പായി
കൺവീനർ
നേർച്ചയൂട്ട്



സെബി കള്ളാപറമ്പിൽ
കൺവീനർ
റിസപ്ഷൻ



ജെയ്സൻ കള്ളാപറമ്പിൽ
കൺവീനർ
തിരി തെളിയിക്കൽ



ജെയിംസ് നെല്ലിശ്ശേരി
കൺവീനർ
മ്യൂസിയം



യോഹന്നാൻ കോമ്പാറക്കാരൻ
കൺവീനർ
വളണ്ടിയർ



# ഞാനൊന്നുറങ്ങട്ടെ


മേരി ജോർജ്ജ് പള്ളിത്തറ

ആവൂ...... കരിമ്പട പുതപ്പിനുള്ളിൽ കിടന്ന് മറിയാമ്മച്ചി ഒരു ദീർഘ ശ്വാസം വിട്ടു. ജനാലക്കമ്പികൾക്കിടയിലൂടെ നേർത്ത തണുപ്പും വെയിലും അരിച്ചിറങ്ങുന്നുണ്ടായിരുന്നു. കുറച്ചൊന്ന് പ്രയാസപ്പെട്ടാണെങ്കിലും മറിയാമ്മച്ചി പതുക്കെ എഴുന്നേറ്റിരുന്നു സർവ്വ ദൈവങ്ങളേയും വിളിച്ചു. ആഗ്രഹങ്ങളുടെ അവസാന ഉറവയും വറ്റിയ ഈ ജീവിതമൊന്ന് അവസാനിച്ചിരുന്നെങ്കിൽ..... കഠിനയാതനകളുടെ ചരായ കലർന്ന ഒരു ദുരിത കഥ. അതായിരുന്നു മറിയാമ്മച്ചിയുടെ ജീവിതം. വർഷങ്ങൾക്കു മുമ്പുള്ള ഒരു ഈസ്റ്റർ ദിനത്തിലാണ് മറിയാമ്മച്ചിയേയും പറക്കമുറ്റാത്ത രണ്ടു മക്കളേയും തനിച്ചാക്കി കെട്ടിയോൻ അവറാച്ചൻ വസൂരി രോഗം പിടിപെട്ട് ഈ ലോകത്തോട് വിടപറഞ്ഞത്. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളോട് പടപൊരുതി ആറ്റുനോറ്റു വളർത്തിയ രണ്ടു മക്കളും അമ്മയെ പിരിഞ്ഞ് നാടുവിട്ടു. ഒടുവിൽ ആ നാലുചുവരുകൾക്കിടയിൽ, കുഴമ്പ് മണക്കുന്ന ആ ചെറിയ മുറിയിൽ ഏകയായി, മരണത്തിന്റെ കാലൊച്ചകളും കാത്ത് ഇനി എത്രനാൾ.....

പെട്ടെന്ന് അമ്മച്ചി ചിന്തകളിൽ നിന്നും ഞെട്ടിയുണർന്നു. അപ്പോൾ "ഇവിടെ ആരുമില്ലേ. പുറത്തൊരാൾ വന്നിരിക്കുന്നുട്ടോ." പിരിവുകാരാണെന്നു കരുതിയ മറിയാമ്മച്ചി സ്നേഹപൂർവ്വം അവരോട് പൊയ്ക്കോളാൻ പറഞ്ഞു. അവർക്ക് അമ്മയെ കാണണമെന്ന വാശിയും. "എന്നെ കാണാനോ, ജോറായി, എന്നാ വായോ". മറിയാമ്മച്ചി പിറുപിറുത്തു. വാതിൽക്കൽ സുമുഖനായ ഒരു യുവാവ് പ്രത്യക്ഷപ്പെട്ടു. അമ്മേ..... നീട്ടിയുള്ള ആ വിളി മറിയാമ്മച്ചിയെ അത്ഭുതപ്പെടുത്തി. അവരുടെ കണ്ണുകൾ ധ്രുതഗതിയിൽ തുറന്നടഞ്ഞു. അതെ, അവൻതന്നെ, പോളൂട്ടൻ. 15-ാം വയസ്സിൽ നാടുവിട്ട എന്റെ സീമന്ത പുത്രൻ. "ഇപ്പോ നീ വന്നുള്ളടാ. ഈ ചാവാറായ കിഴവിയെ കാണാൻ". കാലങ്ങളായി മനസ്സിലുണ്ടായിരുന്ന മാതൃസ്നേഹവും, വികാരങ്ങളും അണപൊട്ടിയൊഴുകി. മകനേയും ഭാര്യയേയും കുസൃതിക്കുഞ്ഞുങ്ങളേയും കൺകുളിർക്കെ കണ്ട് വർഷങ്ങൾക്കുശേഷം ആ അമ്മ മനസ്സുനിറയെ ചിരിച്ചു.

നീണ്ട ഇടവേളക്കുശേഷം മറിയാമ്മച്ചി ഒന്നു പുറത്തേയ്ക്കുവന്നു. ഉമ്മറത്തെ ചാരുകസേരയിലിരിപ്പായി - എല്ലാം നേടിയെടുത്ത ഭാവത്തോടെ, പ്രകൃതിയിലേക്ക് കണ്ണുംനട്ട്. കൊച്ചു മക്കളോടൊത്ത് സന്തോഷിച്ച് ജീവിക്കുവാൻ ആ വൃദ്ധ മനസ്സ് വെമ്പൽ കൊണ്ടു. അന്ന് അമ്മച്ചി സുഖമായി ഉറങ്ങി. പിറ്റേന്ന് നേരം പുലർന്നു. പതിവുപോലെ കാക്ക ചിലച്ചു. കോഴികൾ കൂട്ടുവിട്ടിറങ്ങി. പക്ഷെ മറിയാമ്മച്ചി മാത്രം ഉണർന്നില്ല. അവർ യാത്രയായിരുന്നു. എന്നന്നേക്കുമായ യാത്ര. സ്വർഗ്ഗത്തിലേക്കുള്ള യാത്ര.

# എന്തു നല്ലമ്മ... എന്നുടെ അമ്മ



## കർമ്മലമാതാവ് - ജൂലൈ 16
## Our Lady of Carmel

സി. ക്രിസറ്റ് FCC, മാപ്രാണം



ജൂലൈ 16നു സാർവ്വത്രികസഭ ആഘോഷിക്കുന്ന പരിശുദ്ധ അമ്മയുടെ ഒരു തിരുനാളാണിത്. കർമ്മലീത്താസഭ പലസ്തീനായിലെ കർമ്മലമലയിൽ ആരംഭിച്ചു. പിന്നീട് കുരിശുയുദ്ധകാലത്ത് യൂറോപ്പിൽ പരന്നു. എങ്കിലും യൂറോപ്പിൽ ഈ സഭയ്ക്ക് അൽപ്പം എതിർപ്പ് നേരിടേണ്ടിവന്നു. ഇംഗ്ലണ്ടിലെ അയിൽസുഫോർഡ് ആശ്രമത്തിൽ വസിച്ചിരുന്ന വി. സൈമൺസ്റ്റോക്കായിരുന്നു അന്നത്തെ സുപ്പീരിയർ ജനറൽ. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. "കാർമ്മലിലെ സുന്ദരകുസുമമേ, ഫല സമ്പൂർണ്ണമായ മുന്തിരി, സ്വർഗ്ഗത്തിന്റെ അന്യാദൃശ്യവും നിർമ്മലവുമായ തേജസ്സേ, നിത്യകന്യകയായിരുന്ന് ദൈവപുത്രനെ പ്രസവിച്ചവളെ, ഇന്നത്തെ ആവശ്യങ്ങളിൽ എന്നെ സഹായിക്കണമെ. സമുദ്രതാരമെ, എന്നെ രക്ഷിക്കണമെ. അങ്ങ് എന്റെ അമ്മയാണെന്ന് കാണിച്ചുതരണെ".

1251 ജൂലൈ 16-ാം തിയ്യതി അർദ്ധരാത്രി സൈമൺസ്റ്റോക്ക് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ വാനവഗണങ്ങളുടെ അകമ്പടിയോടുകൂടി കർമ്മലമാതാവ് പ്രത്യക്ഷപ്പെട്ട് കർമ്മലോത്തരീയം നൽകികൊണ്ട് പറഞ്ഞു. "എന്റെ സാഹോദര്യത്തിന്റെ അടയാളവും രക്ഷയുടെ അച്ചാരവുമായ ഈ കർമ്മലോത്തരീയം സ്വീകരിക്കുക. ഈ ഉത്തരീയം ധരിച്ചു മരിക്കുന്നവർ നശിക്കുകയില്ല".

ഈ സംഭവം കാട്ടുതീ പോലെ യൂറോപ്പ് മുഴുവനും പ്രചരിച്ചു.

ക്രമേണ ലോകമാസകലമുള്ള എല്ലാ ദൈവമാതൃഭക്തരും കർമ്മലോത്തരീയം ധരിക്കാൻ തുടങ്ങി.

1322ൽ സ്വർഗ്ഗ രാജ്ഞി 22-ാം യോഹന്നാൻ മാർപാപ്പയ്ക്ക് കാണപ്പെട്ട് ഉത്തരീയം ധരിച്ച് മരിക്കുന്നവർക്ക് വേറൊരു വാഗ്ദാനവും കൂടി നൽകി. "കൃപാവരങ്ങളുടെ രാജ്ഞിയായ ഞാൻ ശനിയാഴ്ചതോറും ശുദ്ധീകരണസ്ഥലത്ത് ഇറങ്ങിച്ചെന്ന് ഉത്തരീയം ധരിച്ച് മരിച്ചിട്ടുള്ളവരിൽ ചില പ്രത്യേക വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവരെയെല്ലാം മോചിപ്പിക്കും".

കുരിശുയുദ്ധത്തിനിറങ്ങിയ എല്ലാവരുടേയും കഴുത്തിൽ വി. സൈമൺസ്റ്റോക്ക്, പരിശുദ്ധ അമ്മയുടെ സന്ദേശമനുസരിച്ച് കർമ്മലോത്തരീയം ധരിപ്പിച്ചു. പിന്നീട് സൈമൺസ്റ്റോക്ക് രാത്രിയും പകലും പ്രാർത്ഥനയിൽ ചിലവഴിച്ചു. ഒരു പകലും രാത്രിയും പിന്നിട്ട് അടുത്ത പ്രഭാതത്തിലേക്ക് കാലെടുത്ത് വയ്ക്കുന്നതിനു മുമ്പുതന്നെ അവർ ഒരു സത്യം തിരിച്ചറിഞ്ഞു. തങ്ങൾ യുദ്ധത്തിൽ വമ്പിച്ച വിജയം നേടിയിരിക്കുന്നു. അതിനുകാരണം കർമ്മലോത്തരീയം അല്ലാതെ മറ്റൊന്നുമല്ല.

"നൂറ്റാണ്ടുകളിലൂടെ സഭയുടെ പ്രബോധനാധികാരം അംഗീകരിച്ചിട്ടുള്ള ഭക്തമുറകൾ തിരുസഭ വിലമതിക്കുന്നു" എന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രബോധിപ്പിക്കുന്നത്. (തിരുസഭ 67)

പ്രിയ സഹോദരങ്ങളെ, കൈമോശം വന്നുകൊണ്ടിരിക്കുന്ന ഈ ഉത്തരീയഭക്തി നമുക്കു വീണ്ടും കത്തിജ്വലിപ്പിക്കാം. വിശ്വാസത്തിൽ വളരാം. ഉത്തരീയം ധരിച്ച് വിശുദ്ധിയിൽ ജീവിക്കാനും മരിക്കാനും വേണ്ട ആത്മീയ ഉണർവ്വ് കർമ്മലോത്തരീയം നമുക്ക് ഓരോരുത്തർക്കും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും കർമ്മലമാതാവിന്റെ തിരുനാൾ മംഗളങ്ങൾ! ആശംസകൾ!

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**
**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| കാട്ടൂർ | കിഴക്കൂട്ട് | സിബി+ഷോളി | ജുവൽ മേരി (സിസിലി) | 08-02-2014 | 25-05-2014 |
| അമ്പാടം | പല്ലിശ്ശേരി | സ്വിറ്റോ+ലീന | ഈവ സ്വിറ്റോ | 19-04-2014 | 25-05-2014 |
| മാപ്രാണം | കാക്കശ്ശേരി | ഗ്രെയ്സൻ+ജെൻസി | ഗ്രാനിക് (ഡേവിസ്) | 14-12-2013 | 08-06-2014 |
| ഒളരിക്കര | തെക്കേക്കര മാളിയേക്കൽ | രതീഷ്+ജെറിൻ | ഓജൻ മരിയ (ഫിലോമിന) | 19-03-2014 | 15-06-2014 |

# ജാലകത്തിലൂടെ...



ജെസ്റ്റിൻ ജോസ് എം.

സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നതിന് ഹയർ സെക്കന്ററി വിദ്യാർത്ഥികൾ നൽകേണ്ട മൈഗ്രേഷൻ സർട്ടിഫിക്കറ്റിനെ കുറിച്ചാണ് ഈ ലക്കത്തിലെ പ്രതിപാദ്യം. പ്രധാനമായും താഴെ പറയുന്ന കാര്യങ്ങൾക്കാണ് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാറുള്ളത്.

(1)ഹയർ സെക്കന്ററി പരീക്ഷ ജയിച്ചതിനുശേഷം സംസ്ഥാനത്തിനു പുറത്ത് ഉപരിപഠനം നടത്തുന്നതിന്. (2)ഹയർ സെക്കന്ററി പഠനം പൂർത്തിയാക്കിയശേഷം സംസ്ഥാനത്തിനു പുറത്ത് വിവിധ കോഴ്സുകൾക്ക് ചേരുന്നതിന്. (3)ഹയർ സെക്കന്ററി പഠനം പൂർത്തിയാക്കാതെ സംസ്ഥാനത്തിനു പുറത്ത് കോഴ്സുകൾക്ക് ചേരുന്നതിന്. എന്നാൽ സംസ്ഥാനത്തിനുള്ളിൽ ഉപരിപഠനത്തിന് ഹയർ സെക്കന്ററി പരീക്ഷ ജയിച്ചവർക്ക് മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല.

മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ അപേക്ഷ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ റെഗുലർ വിദ്യാർത്ഥികൾ പഠിച്ച സ്കൂളിലെ പ്രിൻസിപ്പൽ മുഖേനയും ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയ സ്കൂൾ പ്രിൻസിപ്പൽ മുഖേനയും ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻ സെക്രട്ടറിക്ക് തപാലിലയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്.

മൈഗ്രേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷയോടൊപ്പം ട്രഷറിയിൽ 50 രൂപ അടച്ചതിന്റെ അസൽ ചലാൻ, മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, രജിസ്റ്റേർഡ് തപാലിന് മതിയായ സ്റ്റാമ്പൊട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവർ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

അദ്ധ്യയനം പൂർത്തിയാക്കിയിട്ട് 5 വർഷത്തിനുശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ പ്രത്യേക സെർച്ച് ഫീസ് നൽകേണ്ടതാണ്.

മൈഗ്രേഷൻ സർട്ടിഫിക്കറ്റ് കൈമോശം വരുകയോ ചീത്തയാകുകയോ ചെയ്താൽ 150 രൂപ ട്രഷറിയിൽ അടച്ച് ഒറിജിനൽ ചലാൻ സമർപ്പിക്കുകയും അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റ് വീണ്ടെടുക്കാനാവാത്തവിധം കൈമോശം വന്നുപോയെന്നും, മറ്റാവശ്യങ്ങൾക്ക് കളഞ്ഞുപോയ സർട്ടിഫിക്കറ്റ് ഉപയോഗിച്ചിട്ടില്ലായെന്നും, ആയത് തിരികെ കിട്ടിയാൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ തിരികെ ഏൽപ്പിച്ചു കൊള്ളാമെന്നും കാണിച്ച് രണ്ട് ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ഒരു ഡിക്ലറേഷൻ സമർപ്പിക്കേണ്ടതാണ്.

നേരിട്ട് അപേക്ഷ നൽകുന്നവർക്ക് ശരിയായ ഐഡന്റിഫിക്കേഷൻ സമർപ്പിച്ചാൽ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ പരീക്ഷാവിഭാഗത്തിൽ നിന്നും ലഭിയ്ക്കുന്നതാണ്.

# സഭാവാർത്തകൾ



സി. ഡെൽസ മരിയ FCC, മാപ്രാണം

**1. പോൾ ആറാമൻ മാർപാപ്പ അൾത്താരയിലേക്ക് :**

ധന്യനായ പോൾ ആറാമൻ പാപ്പയുടെ വാഴ്ത്തപ്പെട്ട പദപ്രഖ്യാപനം ഒക്ടോബർ 19ന് വത്തിക്കാനിൽ നടക്കും. അദ്ദേഹത്തിന്റെ മാധ്യസ്ഥത്തിൽ 2001ൽ കാലിഫോർണിയായിൽ ഒരു ഗർഭസ്ഥശിശു അത്ഭുതകരമായി രോഗശാന്തി പ്രാപിച്ചത് മാർ ഫ്രാൻസിസ് പാപ്പ അംഗീകരിച്ചതിനെ തുടർന്നാണ് പോൾ ആറാമൻ പാപ്പ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തപ്പെടുന്നത്. 1963 ജൂൺ 21ന് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം രണ്ടാം വത്തിക്കാൻ കൗൺസിലിന് നേതൃത്വം നൽകി. പ്രൊ ലൈഫ് നിലപാടിൽ ഉറച്ചുനിന്ന അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ചാക്രിക ലേഖനമാണ് Humanae Vitae എന്നത്. ഭ്രൂണഹത്യയ്ക്കും കൃത്രിമഗർഭനിരോധനത്തിനുമെതിരെ അദ്ദേഹം ശക്തമായ നിലപാടാണ് സ്വീകരിച്ചത്. 1978ൽ ദിവംഗതനായ അദ്ദേഹത്തെ 2012 ഡിസംബർ 20ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ധന്യനായി ഉയർത്തി.

**2. റവ. ഡോ. പോൾ അച്ചാണ്ടി സി.എം.ഐ. പ്രിയോർ ജനറൽ :** സി.എം.ഐ. സന്യാസ സമൂഹത്തിന്റെ പ്രിയോർ ജനറലായി റവ. ഡോ. പോൾ അച്ചാണ്ടിയെ തിരഞ്ഞെടുത്തു. കാക്കനാട് ജനറലേറ്റിൽ നടന്ന പൊതുസമ്മേളനത്തിൽ വച്ച് 2014 ഏപ്രിൽ 5-ാം തിയ്യതിയാണ് 21-ാമത്തെ ജനറലായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. വെള്ളാഞ്ചിറ ഇടവക അച്ചാണ്ടി കുരിയപ്പന്റെയും ത്രേസ്യാമ്മയുടെയും മൂത്തമകനാണ് അദ്ദേഹം. തൃശ്ശൂർ ദേവമാത പ്രവിശ്യയുടെ പുതിയ പ്രൊവിൻഷ്യാളായി കരുവന്നൂർ ഇടവകാംഗമായ, അമല ഹോസ്പിറ്റലിന്റെ ഡയറക്ടറായി സേവനം ചെയ്യുകയായിരുന്ന ഫാ. വാൾട്ടർ തേലപ്പിള്ളിയും തെരഞ്ഞെടുക്കപ്പെട്ടു.

**3. ഡോ. അലക്സാണ്ടർ ജേക്കബ്ബിന് സഭാതാരം :**

കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗത്ത് മൂല്യബോധത്തിന്റെ തിളക്കമാർന്ന സാന്നിധ്യമായ ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ്ബിനാണ് ഈ വർഷത്തെ കേരളസഭാതാരം അവാർഡ്. അവാർഡ്ദാന സമ്മേളനം ആളൂർ ബി.എൽ.എം. മാർ തോമാ സെന്ററിൽ ബിഷപ്പ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിച്ച പൊതു സമ്മേളനത്തിൽ മാർ ജെയിംസ് പഴയാറ്റിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

**4. ഫ്രാൻസിസ് പാപ്പ ജനുവരിയിൽ ശ്രീലങ്കയിലേക്ക് :**

2015 ജനുവരി 13ന് ഫ്രാൻസിസ് പാപ്പ കൊളംബോയുടെ മണ്ണിൽ കാലുകുത്തും. ദീർഘകാലത്തെ ആഭ്യന്തര യുദ്ധവും തുടരുന്ന കലാപങ്ങളും മൂലം നിലവിളി നിലയ്ക്കാത്ത രാജ്യമാണ് ശ്രീലങ്ക.

**ബാലപാക്തി**



# ചെരുപ്പുകുത്തിയായ മാർട്ടിൻ

**ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ**

"യഥാർത്ഥസ്നേഹം തീക്കട്ടപോലെയാണ്. ചുറ്റുമുള്ള ലോകം ഇരുട്ടിലാകുമ്പോൾ അത് പ്രകാശിക്കുന്നു". ജെസാമിന്റെ വാക്കുകളാണിത്. യേശുവിനോടുള്ള യഥാർത്ഥ സ്നേഹത്താൽ വിശ്വാസത്തിന്റെ ദീപം കൊളുത്താൻ എ.ഡി. 52ൽ ഭാരതത്തിലേക്കു വന്ന ക്രിസ്തുശിഷ്യനാണ് തോമാശ്ലീഹാ.

ലിയോ ടോൾസ്റ്റോയ് എന്ന പേര് കേൾക്കാത്തവർ വളരെ വിരളമായിരിക്കും. ലോക പ്രസിദ്ധ കഥാകൃത്തും ടോൾസ്റ്റോയിസത്തിന്റെ ഉപജ്ഞാതാവുമായ അദ്ദേഹം 1828 സെപ്തംബർ 9ന് ജനിച്ചു. 1910 നവംബർ 22ന് മരണം വരിക്കുന്നതിനു മുമ്പ് ഒട്ടേറെ നല്ല കഥകൾ ലോകത്തിന് നൽകാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. "ചെരുപ്പുകുത്തിയായ മാർട്ടിൻ" അദ്ദേഹത്തിന്റെ പ്രസിദ്ധമായ കഥയാണ്.

ഒരു പാവപ്പെട്ട ചെരുപ്പുകുത്തിയാണ് മാർട്ടിൻ. ഏകമകൻ മരിച്ചതിനുശേഷം അയാൾ ആശ്വാസം കണ്ടെത്തിയിരുന്നത് വിശുദ്ധഗ്രന്ഥത്തിലാണ്. ഒരു രാത്രിയിൽ വിശുദ്ധഗ്രന്ഥം വായിച്ച മാർട്ടിൻ യേശുവിന്റെ സ്വരം കേട്ടു. "നാളെ ഞാൻ നിന്റെ വീട്ടിൽ വരും". അന്നുരാത്രി അയാൾക്ക് നന്നായി ഉറങ്ങുവാൻപോലും കഴിഞ്ഞില്ല. പുലർക്കാലത്ത് തന്റെ വീട് സന്ദർശിക്കാനിരിക്കുന്ന ലോകരക്ഷകന്റെ ചിത്രമായിരുന്നു മനസ്സിൽ. നേരം വെളുത്തപ്പോൾ മാർട്ടിൻ വീടും പണിശാലകളുമെല്ലാം അടിച്ചു വൃത്തിയാക്കി. സദ്യവട്ടങ്ങൾ യേശുവിനുവേണ്ടി ഒരുക്കി. അതിഥിയെ കാത്തിരിപ്പായി.

അപ്പോഴാണ് കൊടുംമഞ്ഞിലൂടെ സ്റ്റെപ്പിനിച്ച് എന്ന വൃദ്ധൻ വരുന്നതുകണ്ടത്. മഞ്ഞുകൊണ്ടയാൾ തണുത്തുവിറയ്ക്കുന്നുണ്ടായിരുന്നു. മാർട്ടിൻ അയാളെ സ്വീകരിച്ചു. ചൂടുള്ള സൂപ്പു നൽകി. അയാൾ നന്ദി പറഞ്ഞ് പുറത്തേക്കുപോയി. അപ്പോഴുണ്ട് കുറേ തെരുവുകുട്ടികൾ ഓടിവരുന്നു. പഴങ്ങൾ വിൽക്കുന്ന ഒരു സ്ത്രീ പിന്നാലെയുണ്ട്. കാര്യം ആരാഞ്ഞ മാർട്ടിനോട് സ്ത്രീ രോക്ഷാകുലയായി പറഞ്ഞു. "ആ പിള്ളേർ എന്റെ പഴങ്ങൾ മോഷ്ടിച്ചു". "സാരമില്ല സഹോദരി, അവർ വിശന്നിട്ടു എടുത്തതാവും. ഞാൻ അതിന്റെ വില നൽകാം". ആ സ്ത്രീയും കുട്ടികളും മാർട്ടിനോട് നന്ദിപറഞ്ഞ് നടന്നകന്നു. മാർട്ടിൻ ഉത്കണ്ഠയോടെ യേശുവിനെയും കാത്തിരുന്നു. തണുപ്പുകൂടി വന്നു. മാർട്ടിൻ തന്റെ കമ്പിളിപുതപ്പെടുത്ത് പുതച്ചു. ആ സമയം നിർദ്ധനയായ ഒരു സ്ത്രീ അവിടേക്കു വന്നു. അവളുടെ തോളിൽ കിടന്ന കുഞ്ഞ് തണുപ്പ് സഹിക്കാനാവാതെ നിർത്താതെ കരയുന്നുണ്ടായിരുന്നു. അയാൾ തന്റെ ഏക സമ്പാദ്യമായ കമ്പിളിപുതപ്പെടുത്ത് ആ സ്ത്രീയ്ക്കുകൊടുത്തു. അവൾ വിടർന്ന കണ്ണുകളോടെ മാർട്ടിന് നന്ദി പറഞ്ഞ് കടന്നു പോയി.

# രസമുള്ള സ്ഥലനാമങ്ങൾ

സ്ഥലനാമ പരിശോധന ചരിത്രത്തിലേക്കും നരവംശ ശാസ്ത്രത്തിലേക്കും പ്രാദേശിക വിശ്വാസങ്ങളിലേക്കുമൊക്കെ നമ്മെ നയിക്കുന്നു. ഇംഗ്ലീഷിലെ വിചിത്രമായ ചില സ്ഥലനാമങ്ങൾ നമുക്കു പരിചയപ്പെടാം. അമേരിക്കയിലെ അരിസോണയിൽ ഒരു സ്ഥലമുണ്ട്. അതിന്റെ പേര് Why എന്നാണ്. അവിടത്തെ ആളുകൾ ചോദ്യ പ്രിയരാണോ? അറിയില്ല. സ്കോട്ട്ലന്റിൽ ഒരു പട്ടണത്തിന്റെ പേര് 'Muck' എന്നാണ്. അഴുക്കു പിടിച്ച സ്ഥലം എന്നർത്ഥം. ബ്രിട്ടനിലെ ഒരു ഗ്രാമത്തിന്റെ പേര് Nasty. മൊശകോടന്മാരുടെ നാടെന്നർത്ഥം. ഇനി ടെക്സാസിലെ ഒരു പട്ടണത്തിന്റെ പേര് Uncertain എന്നാണ്. ഒന്നിലും തീർച്ചയും മൂർച്ചയുമില്ലാത്തവരുടെ നാടെന്നർത്ഥം. ഇംഗ്ലണ്ടിലെ ഒരിടത്തിന്റെ പേര് 'Womens World' എന്നാണ്. അമേരിക്കയിലെ ഇല്ലനോയ്സിലെ ഒരു ടൗണിന്റെ പേരെന്താണെന്നോ? Love. കൊള്ളാമല്ലേ? ഒബാമയുടെ നാട്ടിൽ മിസിസിപ്പിയിൽ കൊതിപ്പിക്കുന്ന ഒരു സ്ഥലപേരുണ്ട്. Hot Coffee. കനഡയിലെ ഒരു കൊച്ചു പട്ടണത്തിന്റെ പേര് Bastard എന്നാണ്. അർത്ഥമറിയാമല്ലോ. ഇനി Dirt Pot എന്ന് വൃത്തിയുള്ള സ്ഥലം. ബ്രിട്ടനിലെ നോർത്തബർലൻഡിൽ ഉണ്ട്. ചിരിപ്പിയ്ക്കുന്ന വേറെ ചില സ്ഥലനാമങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. Little Snoring. കുംഭകർണ്ണന്മാരുടെ ഈ നാട് അമേരിക്കയിലാണ്. അമേരിക്കയിലെ തന്നെ മറ്റു ചില സ്ഥലങ്ങളുടെ പേരു നോക്കുക. Gin Bottle, Happy, Long Botton, Dismal, Bachelor's Bump, Eyebrow വിശേഷകരമായ പേരുകളല്ലെ? തീർന്നിട്ടില്ല അവിടത്തെ വിശേഷങ്ങൾ. Accident, Ding Dong, Pop Corn, Odd, Point Blank, Satan's kingdom, Toast, World's End അങ്ങിനെ പോകുന്നു. അപ്പോപിന്നെ സ്കോട്ട്ലന്റുകാർ ഒട്ടും തോൽക്കാൻ പാടില്ലല്ലോ? അവർ ഒരു സ്ഥലത്തിനു പേരിട്ടതെന്താണെന്നോ? Rest and be thankful. എങ്ങിനെയുണ്ട്?

ഇത്തരത്തിൽ വളരെ രസകരമായ പേരുകളുള്ള സ്ഥലങ്ങൾ നമ്മുടെ നാട്ടിലുമുണ്ട്. അതിനു പിന്നിൽ ചരിത്രത്തിന്റെ വലിയൊരു പരിണാമ കാലമുണ്ട്. അങ്ങിനെയാണല്ലോ മഹാബ്രാഹ്മണപുരം മാപ്രാണമായതും വിരിഞ്ഞാലിൻകുട ഇരിങ്ങാലക്കുടയായതും.

(കടപ്പാട് : കിളിവാതിൽ)

---

**ബാലപാകതി (തുടർച്ച)**

രാത്രി ഏറെ വൈകി. യേശു തന്റെ വീട്ടിൽ വന്നില്ലല്ലോ എന്ന സങ്കടത്തോടെ മാർട്ടിൻ അത്താഴം കഴിച്ചു. എന്നിട്ട് വിശുദ്ധഗ്രന്ഥം തുറന്നു. അതിൽ അയാളിങ്ങനെ വായിച്ചു. "എന്റെ ഏറ്റവും ചെറിയ ഈ സഹോദരരിൽ ഒരുവന് സേവനം ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്". സന്തോഷചിത്തനായി അയാൾ കിടന്നുറങ്ങി.

അറബിക്കടൽ കടന്ന് കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ തോമാശ്ലീഹാ

# സ്നേഹഗീതം

ജിസ്റ്റോ വിൻസന്റ് ആലപ്പാടൻ



സ്നേഹിക്ക സർവ്വേശ്വരനെ- നമ്മൾ
സ്നേഹിക്ക സർവ്വരേയും
സ്നേഹം താൻ എന്നാളും
ധരണിതലേ നിലനിൽക്കും



ക്രിസ്തുനാഥൻ മനുഷ്യനായി
പിറന്നതും സ്നേഹത്താൽ
കാൽവരിയിൽ മൃതിവരേയും
ഗുരുതരമാം പലവ്യഥകൾ
നമുക്കായ് സഹിച്ചതും സ്നേഹത്താൽ
കുരിശേറി തിരുജീവൻ
വെടിഞ്ഞതും സ്നേഹത്താൽ

ചരാചരങ്ങൾ തിരുഗീതം
പാടുന്നു സാമോദം
അനുനിമിഷം കുമ്പിട്ടു
പരാപരനെ വാഴ്ത്തുന്നു

കുരിശിൽ പീഢകളേറ്റു- ദീനം
പിടഞ്ഞിടുന്ന നേരത്തും
നാഥൻ തൻ ശത്രുക്കളിൽ
കരുണയ്ക്കായ് യാചിച്ചു - തൻ
സ്വർഗ്ഗീയനാം ജനകനോടായ്

നമുക്കും സഹജരേ, വാഴ്ത്താം
പ്രിയനേശുവിൻ കാരുണ്യം
പ്രാണനിൽ ഇന്നും എന്നെന്നും
പ്രാണനിൽ ഇന്നും എന്നെന്നും

---

**ബാലപംക്തി (തുടർച്ച)**

യേശുവിനെ മറ്റുള്ളവരിലേക്ക് പകർന്നു നൽകി. ചെരുപ്പുകുത്തിയായ മാർട്ടിൻ മറ്റുള്ളവരിൽ യേശുവിനെ ദർശിച്ചു. ഭാരതത്തിലെ അപ്പസ്തോലനായ തോമാശ്ലീഹായിൽ നിന്ന് ലഭിച്ച വിശ്വാസത്തിന്റെ കനൽ ഊതികത്തിച്ച് യേശുവിനെ ജീവിതത്തിലൂടെ പ്രഘോഷിക്കാൻ നമുക്കാകട്ടെ.

# ജൂലൈ മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | കോമ്പാറക്കാരൻ ജോണി വിൻസന്റ് | 06-07-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | വാതക്കാട്ടിൽ സാബു തോമസ് | 06-067-14 | 3.15 p.m. |
| സെന്റ് ജോസഫ് | കുവ്വാപറമ്പിൽ റപ്പായി അൽഫോൻസ | 06-07-14 | 4.00 p.m. |
| ഹോളിക്രോസ് | കരിപ്പായി ദേവസ്സി ഭാര്യ സെലീന | 06-07-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | കാഞ്ഞിരപ്പള്ളൻ അഗസ്തി ജോസ് | 06-07-14 | 5.30 p.m. |
| സെന്റ് ഗീവർഗ്ഗീസ് | ചിറയത്ത് മൂർക്കനാട്ടുകാരൻ ജോൺ ജോർജ്ജ് | 13-07-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | പാറയ്ക്ക ലോനപ്പൻ ബാബു | 13-07-14 | 3.15 p.m. |
| സെന്റ് ജോൺ I | കോലങ്കണ്ണി വർഗ്ഗീസ് ജോയ്സൺ | 13-07-14 | 4.00 p.m. |
| സെന്റ് ജോൺ II | അറയ്ക്കൽ ജോണി ഭാര്യ ലില്ലി | 13-07-14 | 4.45 p.m. |
| വാ. മദർ തെരേസ | കള്ളാപറമ്പിൽ അന്തോണി വർഗ്ഗീസ് | 13-07-14 | 5.30 p.m. |
| സെന്റ് മേരീസ് I | എടത്തിരുത്തിക്കാരൻ ഫ്രാൻസിസ് സെലിൻ | 20-07-14 | 2.30 p.m. |
| സെന്റ് മേരീസ് II | കോണത്ത് വറീത് ഫ്രാൻസിസ് | 20-07-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | പ്ലാക്കൽ കൊച്ചപ്പൻ ജോൺസൺ | 20-07-14 | 4.00 p.m. |
| സെന്റ് സേവിയേഴ്സ് | ചേലപ്പാടൻ ദേവസ്സി തോമസ് | 20-07-14 | 4.45 p.m. |
| സെന്റ് റോസ് | മുണ്ടയ്ക്കൽ വറീത് ജോയ് | 20-07-14 | 5.30 p.m. |

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| എറവ്<br>മാപ്രാണം | പൊറത്തൂർ<br>അയിനിക്കൽ നെന്മണിക്കര | വിൻസെന്റ്+ലിസി<br>സാം തോംസൺ+ഷീല | ലിമി<br>സുവിൻസാം | 18 – 05 – 2014 |
| മാപ്രാണം<br>ഇരിങ്ങാലക്കുട | കൊരുമ്പേരി<br>നെല്ലിശ്ശേരി | ജോസ്+ജെസ്സി<br>പോൾസൺ+സെലീന | ഗിഫ്റ്റി<br>ഷനോജ് പോൾ | 24 – 05 – 2014 |
| മഡോണ നഗർ<br>മാപ്രാണം | തോട്ടുങ്ങൽ<br>കാഞ്ഞാണിക്കാരൻ | ജോൺസൺ+ഡിൻസി<br>ഡേവിസ്+ലൂസി | ജോസിയ<br>നെൽസൺ | 25 – 05 – 2014 |
| മാപ്രാണം<br>മാപ്രാണം | അറയ്ക്കൽ<br>മുളരിയ്ക്കൽ | ലൂയിസ്സ്+ലിസ്സി<br>ജേക്കബ്ബ്+ബീന | ലിനി<br>മില്ലർ | 26 – 05 – 2014 |
| പഴുവിൽ<br>മാപ്രാണം | ഊക്കൻ<br>കോച്ചക്കാടൻ | പോൾ+ബേബി<br>ആന്റണി+കൊച്ചുത്രേസ്യ | ബെൻസി<br>സെബി | 26 – 05 – 2014 |
| പാവറട്ടി<br>മാപ്രാണം | അക്കര<br>പള്ളിത്തറ | തോമസ്+സിൽവി<br>ദേവസി+മേരി | ജാക്വിലിൻ<br>ഷാജോ | 08 – 06 – 2014 |
| പുത്തറയ്ക്കൽ<br>മാപ്രാണം | അടമ്പുകുളം<br>പുത്തൂർ ഐനിക്കൽ | റോക്കി+ഫിലോമിന<br>വർഗ്ഗീസ്+ഡോളി | റിൻന റോയ്<br>സിന്റോ | 15 – 06 – 2014 |

# പിന്നിട്ട ലോകം



ജെസ്റ്റോ മാമ്പിള്ളി

- അറുപത്തേഴാമത് കാൻ ചലച്ചിത്രമേളയിൽ ഏറ്റവും മികച്ച ചിത്രത്തിനുള്ള പാംഡി ഓർ പുരസ്കാരം തുർക്കി സംവിധായകൻ നൂറിബിൽജ് സെയ്‌ലന്റെ "വിന്റർ സ്ലീപ്പി"നു ലഭിച്ചു.
- ഈജിപ്തിൽ മുൻ സേനാമേധാവി അബ്ദൽ ഫത്താ അൽ സിസി പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.
- ഹോളിവുഡ്-ബോളിവുഡ് താരങ്ങളിലെ ധനികരുടെ പട്ടികയിൽ ഷാറുഖ് ഖാന് 2-ാം സ്ഥാനം
- ലോകത്തിലെ ഏറ്റവും വിലയേറിയ വീടിന്റെ ഉടമ മുകേഷ് അംബാനി. വീടിന്റെ പേര് 'ആന്റിലിയ'
- സ്വതന്ത്ര ഇന്ത്യയിൽ ജനിച്ച ആദ്യ പ്രധാനമന്ത്രി : നരേന്ദ്രമോദി
- എവറസ്റ്റ് കൊടുമുടി കയറിയ ഏറ്റവും പ്രായം കുറഞ്ഞ പെൺകുട്ടി :- 13 വയസ്സുകാരിയായ ആന്ധ്ര സ്വദേശി മലാവത് പൂർന
- ചൈനയേയും ഉത്തരകൊറിയയേയും ബന്ധിപ്പിക്കുന്ന പുതിയ പാലത്തിന്റെ നിർമ്മാണം തുടങ്ങി. ട്യൂമൻ നദിക്കു കുറുകെ പണിയുന്ന പാലത്തിനു 804.7 മീറ്റർ നീളമുണ്ടാകും.
- റാഫേൽ നദാലിന് ഒൻപതാം ഫ്രഞ്ച് ഓപ്പൺ കിരീടം
- സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകൻ രഞ്ജിത് കുമാറിനെ സോളിസിറ്റർ ജനറലായി നിയമിച്ചു.
- ഇന്റർനാഷണൽ ചലഞ്ച് ബാഡ്മിന്റനിൽ പാലക്കാട്ടുകാരി പി.സി. തുളസി കിരീടം നേടി.
- അന്റാർട്ടിക്കയിൽ പ്രതിവർഷം ഉരുകുന്നത് 16000 കോടി ടൺ മഞ്ഞെന്നു പഠനം.
- ലോകകപ്പ് പ്രമാണിച്ച് പെലെയുടെ ഒപ്പോടുകൂടിയ ബോയിങ് 777-300 ഇ ആർ വിമാനം എമിറേറ്റ്സ് അവതരിപ്പിച്ചു.
- രാജ്യത്തെ വാർഷിക മത്സ്യലഭ്യതയിൽ കേരളത്തിനു 3-ാം സ്ഥാനം. 1-ാം സ്ഥാനം ഗുജറാത്തിനും 2-ാം സ്ഥാനം തമിഴ്നാടിനുമാണ്.
- വർണ്ണവിവേചനം അവസാനിപ്പിച്ചശേഷം ദക്ഷിണാഫ്രിക്കയിൽ നടന്ന അഞ്ചാമത്തെ പൊതുതിരഞ്ഞെടുപ്പിലും ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് (എ.എൻ.സി.) വിജയിച്ചു.
- അന്തർസംസ്ഥാന സീനിയർ അത്‌ലറ്റിക് മീറ്റിൽ സ്വർണ്ണ വേട്ടയോടെ കേരളം ജേതാക്കളായി. 5 സ്വർണ്ണവും 2 വെള്ളിയുമണിഞ്ഞ കേരളം 152.5 പോയിന്റുകളോടെയാണ് വിജയകിരീടമണിഞ്ഞത്.

# ആരോഗ്യ ചിന്തകൾ



ജെസ്റ്റിൻ ജോസ് എം.

മഴക്കാലമായല്ലോ. അതുകൊണ്ട് ഇത്തവണ മഴക്കാലത്തു ശ്രദ്ധിക്കേണ്ട ചില അസുഖങ്ങളെക്കുറിച്ച് നോക്കാം. പനിയാണ് മിക്കവാറും അസുഖങ്ങളുടെ പ്രധാന ലക്ഷണം. മനുഷ്യ ശരീരത്തിന്റെ ഊഷ്മാവ് 37°C ആണ്. രോഗാണുക്കളുടെ ആക്രമണത്തിന്റെ ഫലമായോ മറ്റെന്തെങ്കിലും കാരണത്താലോ ശരീരോഷ്മാവ് ഉയരുന്ന അവസ്ഥയാണ് പനി. അതുകൊണ്ടു തന്നെ രോഗാവസ്ഥയെ കുറിച്ചുള്ള മുന്നറിയിപ്പാണ് പനിയെന്നു പറയാം. വലിയ അപകട സാധ്യതയൊന്നും കാണിക്കുന്നില്ലെങ്കിൽ ചില നാടൻ പ്രയോഗങ്ങളിൽ രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ പനി വിട പറഞ്ഞുകൊള്ളും. എന്നാൽ നമ്മുടെ നാട്ടിൽ ഇന്ന് അപകടകാരികളായ കുറേ പനികൾ കണ്ടുവരുന്നു.

ഒരാഴ്ചയോളം നീണ്ടു നിൽക്കുന്ന പനിയോടൊപ്പം തലവേദന, മേലുവേദന, മനംപുരട്ടൽ തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്ന ഡെങ്കിപ്പനി വളരെ പ്രാധാന്യം അർഹിക്കുന്നു. കണ്ണിനു പിറകിൽ വേദന ഇതിന്റെ പ്രധാന സൂചകമാണെങ്കിലും നമ്മുടെ നാട്ടിൽ ഇത് അത്ര പ്രകടമല്ല. ഹൃദയം, തലച്ചോറ് തുടങ്ങിയവയെ ഡെങ്കി വൈറസുകൾ ആക്രമിക്കുമ്പോൾ രോഗം വളരെ മാരകമാകുന്നു. ചിലപ്പോഴൊക്കെ ആന്തരിക രക്തസ്രാവം ഉണ്ടാകാറുണ്ട്. ത്വക്കിനുള്ളിലെ രക്തസ്രാവമാണ് ഏറ്റവും അധികം കണ്ടുവരുന്നത്. ഇതുമൂലം തൊലിയിൽ ചുവന്ന അടയാളങ്ങൾ കാണാം. എന്നാൽ ഇരുണ്ട ചർമ്മമുള്ളവരിൽ ഈ ലക്ഷണം പ്രകടമല്ല.

കുട്ടികളിൽ സാധാരണ ഡെങ്കിപ്പനിയുടെ തീവ്രത കൂടുതലായി കാണുന്നുണ്ട്. പനിയുടെ തുടക്കത്തിൽ രക്തത്തിൽനിന്നും നഷ്ടപ്പെടുന്ന ജലാംശം ഒരാഴ്ച പിന്നിടുമ്പോൾ തിരികെ പിടിയ്ക്കാൻ ശരീരം ശ്രമിക്കുന്നതിന്റെ ഭാഗമായി രക്തത്തിൽ ജലാംശം കൂടുകയും ഇത് ഹൃദയത്തിന് അധികഭാരം വരുത്തിവയ്ക്കുകയും ചെയ്യുന്നു. ഇത് പലപ്പോഴും അപകടം ഉണ്ടാക്കുന്നു. കുട്ടികളിൽ ഈ അവസ്ഥ കൂടുതൽ കാണുന്നതിനാൽ കുഞ്ഞുങ്ങളിലെ മരണനിരക്ക് കൂടുതലാണ്. താരതമ്യേനെ വലുപ്പം കുറഞ്ഞ കാലുകളിൽ ഇടവിട്ട് കറുത്തതും വെളുത്തതും വരകളുള്ള ഈഡിസ് വിഭാഗത്തിലുള്ള കൊതുകുകളാണ് ഡെങ്കിപ്പനി പടർത്തുന്നത്. അതുകൊണ്ടുതന്നെ കൊതുകു നശീകരണമാണ് വളരെ പ്രധാനപ്പെട്ട രോഗം തടയൽ മാർഗം. ഡെങ്കി വൈറസിനെതിരെ പ്രത്യേക ചികിത്സയൊന്നും ലഭ്യമല്ലാത്തതിനാൽ രോഗിയുടെ ശാരീരിക പ്രവർത്തനങ്ങളെ സംരക്ഷിക്കുന്ന ചികിത്സയാണ് ആശുപത്രികൾ നൽകിവരുന്നത്.

മഴക്കാലരോഗങ്ങളുമായി ശ്രദ്ധിയ്ക്കേണ്ട ചില കാര്യങ്ങളാണ്

# മെഗാക്വിസ്

## മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകളുടെ ശ്രദ്ധയ്ക്ക്

മത്സരം ജൂലായ് 27-ാം തിയ്യതി ഞായറാഴ്ച 3.00p.m. ന് ആരംഭിക്കും. മത്സരവേദി പിന്നീട് അറിയിക്കുന്നതാണ്. ആദ്യഘട്ടത്തിലെ എഴുത്തു പരീക്ഷയിൽ കൂടുതൽ മാർക്ക് നേടുന്ന ആറു ടീമുകളാണ് ഫൈനൽ റൗണ്ടിൽ മത്സരിക്കുക. കുടുംബ യൂണിറ്റുകളുടെ പേരിലായിരിക്കും ഓരോ ടീമുകളും. ഒരു കുടുംബ യൂണിറ്റിൽ നിന്നും രണ്ട് പേരടങ്ങുന്ന ഒരു ടീം മാത്രമേ മത്സരിക്കാവൂ. ഒന്നാം സ്ഥാനം നേടുന്ന ടീമിന് 2001 ക. യും രണ്ടാം സ്ഥാനം കരസ്ഥമാക്കുന്ന ടീമിന് 1001 ക.യും ക്യാഷ് പ്രൈസ് ലഭിക്കുന്നതാണ്. ഹോളിവോയ്സ് 2013 ജൂലൈ ലക്കം മുതൽ 2014 ജൂൺ വരെയുള്ള 12 പുസ്തകങ്ങൾ, വി. മത്തായിയുടെയും വി. യോഹന്നാന്റെയും സുവിശേഷങ്ങൾ, അപ്പസ്തോലപ്രവർത്തനങ്ങൾ എന്നിവയെ ആസ്പദമാക്കിയായിരിക്കും ചോദ്യങ്ങൾ. വിജ്ഞാനപ്രദവും രസകരവുമായ ഈ മത്സരത്തിന്റെ ക്വിസ് മാസ്റ്റർ, ഇടവകയ്ക്ക് പുറത്തുനിന്നുള്ള പ്രഗൽഭനായ ഒരു വ്യക്തിയാണ്. എല്ലാ കുടുംബ യൂണിറ്റുകളോടും തങ്ങളുടെ ടീമുകളെ പരമാവധി നേരത്തെ സജ്ജരാക്കാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്നവരുടെ പേരുവിവരം ജൂലൈ 15നു മുമ്പ് പള്ളി ഓഫീസിലോ, ഹോളിവോയ്സ് ഭാരവാഹികളുടെ കയ്യിലോ ഏൽപ്പിക്കേണ്ടതാണ്. ശ്രോതാക്കളായി വരുന്നവർക്കും തങ്ങളുടെ അറിവ് പ്രകടിപ്പിക്കാനും സമ്മാനങ്ങൾ നേടാനും അവസരമുണ്ടായിരിക്കും.

**ഫാ. ജോസ് മാളിയേക്കൽ,** മാനേജിംഗ് എഡിറ്റർ

**ആരോഗ്യചിന്തകൾ (തുടർച്ച)**

വ്യക്തിശുചിത്വം പാലിക്കുക, തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക, കൊതുകുകളെ നശിപ്പിക്കാൻ ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കുക, രാവിലെയും വൈകീട്ടും കഴിയുന്നതും ശരീരം മുഴുവൻ മൂടുന്ന വസ്ത്രങ്ങൾ ഉപയോഗിക്കുക, മലിനജലവുമായുള്ള സമ്പർക്കം ഒഴിവാക്കുക, അഞ്ചു ദിവസത്തിലധികം നീളുന്ന പനികളെ ശ്രദ്ധിച്ച് ചികിത്സ തേടുക തുടങ്ങിയവ. ഇക്കാര്യങ്ങളിൽ നാം കൂടുതൽ ജാഗ്രതയുള്ളവരായിരിക്കുക. അങ്ങിനെ രോഗങ്ങളെ അകറ്റി നിർത്തുവാൻ നമുക്ക് ശ്രദ്ധിക്കാം.

# ക്വിസ് മത്സരം

(1) 2014 മെയ് 24ന് നടന്ന ഒരു സെമിനാറിൽ മാർ റാഫേൽ തട്ടിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ വിഷയം?

(2) സോളമൻ രാജാവ് ദൈവത്തോട് ആവശ്യപ്പെട്ടത്........ എന്നു മാത്രമാണ്

(3) സഹോദരരേ, നമ്മൾ ദാസിയുടെ മാത്രമല്ല സ്വതന്ത്രയുടേതാണ്. എന്തുകൊണ്ട്?

(4) സീറോ മലബാർ സഭയുടെ എൽ.ആർ.സി.യുടെ ചെയർമാൻ?

(5) നിത്യസഹായമാതാവിനെ രാഷ്ട്രത്തിന്റെ രക്ഷാധികാരിയായി പ്രഖ്യാപിച്ച പാപ്പ?

(6) ആത്മാവിന്റെ ഫലങ്ങൾ ഏതെല്ലാം?

(7) ലോക രക്തദാനദിനം എന്നാണ്?

(8) കഴുത്തിന്റെ കശേരുക്കൾക്ക് തേയ്മാനം സംഭവിക്കുന്ന രോഗത്തിന്റെ പേര്?

(9) പരിച്ഛേദിതർക്കുള്ള സുവിശേഷം പത്രോസിനു എന്നതുപോലെ അപരിച്ഛേദിതർക്കുള്ള സുവിശേഷം എനിക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. ആർക്ക് ?

(10) വി.കുർബ്ബാന ക്രൈസ്തവ ദാമ്പത്യജീവിതത്തിന്റെ കേന്ദ്രമാകണം. അതു നമ്മുടെ ജീവിതത്തിന്റെ ....... ആകണം.

(11) വിസ്ഡൻ പട്ടികയിൽ ഇടം നേടിയ ഇന്ത്യക്കാരൻ?

(12) തെത്സുകോ കുറോയാനഗി എഴുതിയ പ്രശസ്തമായ പുസ്തകം?

(13) 30-ാം വയസ്സിൽ ജ്ഞാനസ്നാനം സ്വീകരിച്ച ഒരു വ്യക്തി പിന്നീട് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഈ വിശുദ്ധന്റെ പേര്?

(14) മേരിവിജയം, ജീവൻ സഹായി, മനുഷ്യസ്നേഹി എന്നീ അവാർഡുകൾ നേടിയ ഒരു വ്യക്തി കാട്ടൂരിൽ താമസിക്കുന്നുണ്ട്. ഈ വ്യക്തിയുടെ പേര്?

---

അവലംബം : ജൂൺ ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ്ശ്ലീഹ ഗലാത്തിയകാർക്കെഴുതിയ ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-07-2014.

---


## ജൂൺ ലക്കം ക്വിസ് മത്സര വിജയി : ലിജി ബിജു മഞ്ഞളി

മത്സരത്തിൽ പങ്കെടുത്ത 9 പേരിൽ 7 പേർ ശരിയുത്തരം എഴുതി. അവരിൽ നിന്നും നറുക്കെടുത്ത് ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

## ജൂൺ ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

1. സിയ റൂബിസൻ, കിടങ്ങുപറമ്പിൽ - സെന്റ് മേരീസ് II, 2. മേരി ജോർജ്ജ് പള്ളിത്തറ - സെന്റ് ജോൺ II, 3. ആൽവിൻ വിൻസന്റ് കാഞ്ഞാണിക്കാരൻ - സെന്റ് ജോസഫ്, 4. ലിജി ബിജു മഞ്ഞളി - സെന്റ് ജോൺ I, 5. ആൻ ജാക്വിലിൻ ജെയ്സൻ പന്തലിപ്പാടൻ - ഇൻഫന്റ് ജീസസ്, 6. മേരി ജോസ് തെക്കേത്തല - സെന്റ് റോസ്, 7. സിൻസി സ്വിഗേഷ് ചിന്നൻ - സെന്റ് സെബാസ്റ്റ്യൻ.

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..................................................................................................

വീട്ടുപേര് ..........................................................................................

മതബോധന ക്ലാസ്സ് ........................................യൂണിറ്റ്.............................

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി **ജൂലൈ 15**

# നിങ്ങൾക്കറിയാമോ?

ബീന തോമസ് ചേറേങ്ങാടൻ



## ഡി.ടി.എസ്

1. നിങ്ങളെല്ലാവരും സിനിമ കാണാൻ പോകാറില്ലേ? എന്താണ് ചില തിയറ്ററുകൾ ഡി.ടി.എസ്. ആണെന്ന് പറയുന്നതെന്ന് നിങ്ങൾക്കറിയാമോ?

ഒരേ ദിശയിൽ ശബ്ദം ഒരേ അളവിൽ പുറപ്പെടുവിക്കുന്ന അനലോഗ് സംവിധാനത്തിൽ നിന്നും വ്യത്യസ്തമായി കുറച്ചു സ്ഥലത്ത് വ്യത്യസ്ത ആവൃത്തിയിലുള്ള കൂടുതൽ ശബ്ദം പുറപ്പെടുവിച്ച് ശബ്ദ സംവിധാനം തന്നെ ഒരു വ്യത്യസ്ത അനുഭവമാക്കി മാറ്റുകയാണ് ഡി.ടി.എസ് സംവിധാനത്തിൽ. കമ്പ്യൂട്ടർ അധിഷ്ഠിതമായ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച തയ്യാറാക്കിയിരിക്കുന്ന വളരെ വ്യക്തമായ ഈ ശബ്ദസംവിധാനത്തിന് ഡിജിറ്റൽ സൗണ്ട് സിസ്റ്റം എന്നാണ് പറയുന്നത്. ഡിജിറ്റൽ തിയ്യറ്റർ സിസ്റ്റം (ഡി.ടി.എസ്.) എന്നത്, ഈ ശബ്ദസംവിധാനം വിപണിയിലിറക്കിയിരിക്കുന്ന പല കമ്പനികളിൽ ഒന്നിന്റെ ബ്രാന്റ് നെയിമാണ്. ഡി.ടി.എസ്. പ്രശസ്തമായതോടെ ഈ ശബ്ദ സംവിധാനത്തിന്റെ തന്നെ പേരായി ഇത് അറിയപ്പെടുകയായിരുന്നു.

## ബ്ലൂ ടൂത്ത്

2. നിശ്ചിത ദൂരപരിധിക്കുള്ളിൽ ഡാറ്റയും ചിത്രങ്ങളും റേഡിയോ തരംഗങ്ങളായി കൈമാറുന്ന വയർലസ് സംവിധാനമാണ് ബ്ലൂ ടൂത്ത്. 1994ൽ എറിക്സൺ കമ്പനിയാണ് ഇതു കണ്ടുപിടിച്ചത്. ഫ്രീക്വൻസി ഹോപിങ്ങ് സ്പ്രെഡ് സ്പെക്ട്രം എന്ന സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിക്കുന്നത്. 2 ജി മൊബൈൽ ഫോണുകളിലൂടെയാണ് ഇത് വ്യാപകമായത്.

കടപ്പാട് : കിളിവാതിൽ

---

## ഉപകാര സ്മരണ

വിശുദ്ധ യൂദാശ്ലീഹായോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഉദിഷ്ഠകാര്യം സാധിച്ചു കിട്ടിയതിന് ഉപകാരസ്മരണ

ഷീലാന്റ്
സെന്റ് ആന്റണീസ് യൂണിറ്റ്

# ബൈബിൾ കലണ്ടർ : ജൂലൈ - 2014

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | **1**<br>ലൂക്കാ 10:38 – 42<br>ഫിലി 1:12 – 18 | **2**<br>മത്താ 14:22 – 33<br>1 കോറി 15:31 – 34 | **3**<br>യോഹ 20:24 – 29<br>എഫേ 2:19 – 22<br>സുഭാ 4:10 – 18 | **4**<br>മര്‍ക്കോ 5:21 – 24, 35 – 43<br>ഗലാ 2:15 – 18 | **5**<br>മര്‍ക്കോ 1:40 – 45<br>2 കോറി 2:12 – 17 |
| **6**<br>ലൂക്കാ 12:22 – 34<br>1 കോറി 14:1 – 12<br>ഏശ 1:21 – 31 | **7**<br>യോഹ 16:25 – 33<br>2 കോറി 1:8 – 11 | **8**<br>മത്താ 11:1 – 6<br>കൊളോ 2:20 – 23 | **9**<br>മര്‍ക്കോ 12:1 – 12<br>റോമാ 5:12 – 21 | **10**<br>യോഹ 6:60 – 63<br>2 പത്രോ 1:3 – 9 | **11**<br>മത്താ 13:24 – 30, 36 – 43<br>1 പത്രോ 3:14 – 18 | **12**<br>മര്‍ക്കോ 12:38 – 44<br>റോമാ 7:7 – 13 |
| **13**<br>ലൂക്കാ 12:57 – 13:5<br>1 കോറി 10:23 – 31<br>ഏശ 2:1 – 5 | **14**<br>മത്താ 12:33 – 37<br>റോമാ 11:30 – 35 | **15**<br>മര്‍ക്കോ 4:21 – 25<br>2 കോറി 5:1 – 7 | **16**<br>ലൂക്കാ 11:24 – 28<br>2 കോറി 1:3 – 7 | **17**<br>മര്‍ക്കോ 10:46 – 52<br>റോമാ 11:1 – 10 | **18**<br>മത്താ 22:15 – 22<br>റോമാ 13:1 – 6 | **19**<br>യോഹ 7:14 – 24<br>2 കോറി 11:1 – 6 |
| **20**<br>ലൂക്കാ 13:22 – 30<br>1 കോറി 16:1 – 14<br>ഏശ 5:8 – 20 | **21**<br>മത്താ 12:38 – 42<br>2 കോറി 2:5 – 11 | **22**<br>മര്‍ക്കോ 1:29 – 34<br>റോമാ 13:7 – 10 | **23**<br>ലൂക്കാ 16:9 – 17<br>1 കോറി 7:17 – 24 | **24**<br>മത്താ 23:13 – 22<br>2 കോറി 4:1 – 6 | **25**<br>മത്താ 20:20 – 28<br>1 കോറി 4:6 – 15 | **26**<br>മത്താ 1:1 – 16<br>ഹെബ്രാ 11:8 – 12 |
| **27**<br>ലൂക്കാ 14:7 – 14<br>1 കോറി 1:9 – 16<br>1 രാജാ 18:30 – 39 | **28**<br>യോഹ 12:20 – 26<br>ഗലാ 2:19 – 21 | **29**<br>ലൂക്കാ 19:11 – 27<br>1 കോറി 14:20 – 25 | **30**<br>യോഹ 10:22 – 28<br>1 തിമോ 6:11 – 16 | **31**<br>ലൂക്ക 14:25 – 33<br>1 കോറി 10:31 – 11:1 | | |